# ദൈവീക പ്രതാപത്തിന്റെ ഉജ്ജ്വല പ്രകടനങ്ങൾ

(തജല്ലിയാത്തെ ഇലാഹിയ്യ)

# ദൈവീക പ്രതാപത്തിന്റെ ഉജ്ജ്വല പ്രകടനങ്ങൾ

## (തജല്ലിയാത്തെഇലാഹിയ്യ)

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**വിവർത്തനം: മുഹമ്മദ് നജീബ് ഖാൻ, വാഴക്കാല**

പ്രസാധകർ:

**മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് സോൺ, കേരള**

സെന്റ്. ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത്, കൊച്ചിൻ – 18

**Daiveeka Pradapathinte Ujvala Prakadanangal**
**(Thajalliyathe Ilahiya)**

(Malayalam Translation of an Urdu work)

Author
**Hadhrat Mirza Ghulam Ahmad(A)**

Translated by:
**Muhammad Najeeb Khan, Vazhakkala**

Page Layout & Cover Design
**Ziyad Rahman**

Printed at
**Anaswara Offset**

First Edition - 2007 October
Copies : 1000
Price : 25

Publishers
**Khuddamul Ahmadiyya South Zone**
St. Benedict Road, Ernakulam North, Cochin-18

Distribution
**Islam International Publication, Fort road, Kannur-1**



ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

# ഗ്രന്ഥകർത്താവിനെപ്പറ്റി

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)** 1835 ഫെബ്രുവരി 13-ന് (1250 ശവ്വാൽ 14) പഞ്ചാബിലെ ഖാദിയാനിൽ ജനിച്ചു. ചെറുപ്പത്തിലേ ഖുർആൻ പഠനത്തിലും മതവിചിന്തനത്തിലും ആദ്ധ്യാത്മിക ജീവിത തപസ്യയിലും നിമഗ്നനായി. ദേഹാന്തംവരെ സ്വജീവിതം അനുസ്യൂതം ഖുർആന്റെയും ഇസ്ലാമിന്റെയും ഹദ്റത്ത് മുഹമ്മദ് നബി (സ) തിരുമേനിയുടെയും പ്രഭാവത്തെ പ്രകാശിപ്പിക്കുന്നതിനും ദൈവമഹത്വത്തെ വെളിപ്പെടുത്തുന്നതിനുമായി വിനിയോഗിച്ചു. ഇസ്ലാം വാസ്തവ വിരുദ്ധമായ ആക്ഷേപാക്രമണങ്ങൾക്ക് ലക്ഷീഭവിക്കുകയും മുസ്ലിംകളുടെ ലൗകീക ഭാഗ്യ ഐശ്വര്യാദികൾക്ക് അപചയം സംഭവിക്കുകയും അവരുടെ മതവിശ്വാസം സന്ദേഹ വിതർക്കങ്ങൾക്ക് വിധേയമായി കേവലം ഉപരിപ്ലവം മാത്രമായി അവശേഷിക്കുകയും ചെയ്ത ഘട്ടത്തിൽ അദ്ദേഹം ഇസ്ലാംധർമ്മത്തിന്റെ ന്യായസമർത്ഥനത്തിലും തത്ത്വ വിശദീകരണത്തിനുമായിട്ട് ഉദ്യുക്തനായി. ഇസ്ലാം സജീവമതമാണെന്നും അതിനോടുള്ള പിന്തുടർച്ചയും അനുസരണവും മൂലം മനുഷ്യന് ദൈവസാമീപ്യവും അവനുമായുള്ള സംഭാഷണ സൗഭാഗ്യവും കരസ്ഥമാക്കാനാവുമെന്നും സ്ഥാപിച്ചുകൊണ്ട് അദ്ദേഹം നിരവധി ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അമൂല്യസാഹിത്യങ്ങൾ, മാനവരാശിക്ക് ദിവ്യജ്ഞാനത്തിന്റെ അമൃതധാരകൾ അനുസ്യൂതമായി പകർന്നു കൊടുക്കുന്ന വിജ്ഞാന സ്രോതസ്സുകളാണ്. ഖുർആൻ പ്രബോധിക്കുന്ന പാഠങ്ങളും പ്രഖ്യാപിക്കുന്ന നിയമപ്രമാണവും മനുഷ്യനെ ധാർമ്മികമായും ആത്മീയമായും ഉയർത്തിക്കൊണ്ടുപോയി പൂർണ്ണതയിലെത്തിക്കുന്നതിന് പര്യാപ്തമാണെന്ന്, ത്യാഗധനവും മഹത്ത്വപൂർണ്ണവും വിശുദ്ധവുമായ സ്വന്തം ജീവിതമാതൃതയിലൂടെയും ദൈവികമായ സത്യദൃഷ്ടാന്തങ്ങളിലൂടെയും അദ്ദേഹം തെളിയിച്ചു. ഇസ്ലാമിന്റെ നവോത്ഥാന നായകനായും വാഗ്ദത്ത മസീഹായും താൻ നിയോഗിതനായിരിക്കുന്നുവെന്നു അദ്ദേഹം പ്രഖ്യാപിക്കുകയും 1889 ൽ ദൈവനിർദ്ദേശപ്രകാരം അഹ്മദിയ്യാ ജമാഅത്ത് രൂപീകരിച്ചുകൊണ്ട് സ്വശിഷ്യത്വത്തിലേക്ക് ആളുകളെ ക്ഷണിച്ചു തുടങ്ങുകയും ചെയ്തു. ('ഖിലാഫത്ത്' എന്ന അനുഗ്യഹീത നേതൃത്വത്തിൻ കീഴിൽ വ്യവസ്ഥാപിതമായി മുന്നേറുന്ന ഈ ജമാഅത്ത് ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രചാരണ കേന്ദ്രങ്ങളും പള്ളികളും വിദ്യാലയങ്ങളും ആതുരാലയങ്ങളും സാധുസംരക്ഷണ ട്രസ്റ്റുകളും ടി.വി. ചാനലുകളും സ്ഥാപിച്ച് ആദ്ധ്യാത്മികവും മനുഷ്യ സേവനപരവുമായ പ്രവർത്തനങ്ങളിൽ വ്യാപൃതമായിരിക്കുന്നു.) അദ്ദേഹം വിരചിച്ച എൺപതിലേറെ ഗ്രന്ഥങ്ങളിൽ അധികവും ഉർദു ഭാഷയിലാണ്; ചിലത് അറബിയിലും, പാർസിയിലും. 1908 മെയ് 26 ന് (1326 റബിഉൽ ആഖർ 24) അദ്ദേഹം ദിവംഗതനായി.

# പ്രസാധകക്കുറിപ്പ്

**ഭ**യാനകമായ ജീവിത സാഹചര്യങ്ങളിലൂടെയാണ് സമകാലിക മനുഷ്യൻ കടന്നുപോകുന്നത്. അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതി ക്ഷോഭങ്ങളും ദുരന്തങ്ങളും അവന്റെ ജീവിതത്തെ കൂടുതൽ ദുരിതമയമാക്കി തീർത്തിരിക്കുന്നു. ഇതിനു മുമ്പ് സംഭവിക്കാത്ത തരത്തിൽ ഭൂകമ്പങ്ങളും പ്രളയങ്ങളും കൊടുങ്കാറ്റുകളും താണ്ഡവ നൃത്തം ചവിട്ടുന്ന ഭീകരമായ കാഴ്ചയാണ് ഇന്ന് ലോകത്ത് എവിടെയും കാണപ്പെടുന്നത്. ഇത് മാനവലോകത്തിന് വരുത്തിയിട്ടുള്ള നാശനഷ്ടങ്ങൾക്ക് കൈയ്യും കണക്കുമില്ല. ഈയൊരു സന്ദർഭത്തിൽ മാരകവും ദ്രവിപ്പിക്കുന്നതുമായ വിപത്തുകൾ മനുഷ്യനെ നിരന്തരം വേട്ടയാടുന്നതിന്റെ സാംഗത്യത്തെക്കുറിച്ച് ചോദ്യമുയരുക സ്വാഭാവികമാണ്. ഇതിനുള്ള സ്പഷ്ടമായ മറുപടിയാണ് വാഗ്ദത്ത മഹ്ദീ മസീഹ് ഹ: അഹ്മദ് (അ) 'തജല്ലിയ്യാത്തെ ഇലാഹിയ്യ'- ദൈവീക പ്രതാപത്തിന്റെ ഉജ്ജ്വല പ്രകടനങ്ങൾ - എന്നയീ ചെറുകൃതിയിലൂടെ നൽകിയിരിക്കുന്നത്. അതുകൊണ്ട് തന്നെഈ കൃതി ഈ കാലഘട്ടത്തിൽ പ്രസിദ്ധീകരിക്കുന്നത് ഏറെ പ്രസക്തമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. 1906 മാർച്ചിൽ എഴുതി പൂർത്തിയാക്കിയ ഈ ഗ്രന്ഥം പ്രസിദ്ധീകൃതമായത് 1922 ൽ രണ്ടാം ഖിലാഫത്തിന്റെ കാലഘട്ടത്തിലാണ്. ഉർദുവിൽ എഴുതപ്പെട്ട ഈ ഗ്രന്ഥം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നത് അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ യുവപ്രബോധകൻ മുബല്ലിഗ് മുഹമ്മദ് നജീബ് ഖാൻ സാഹിബാണ്. ഊർജ്ജ്സ്വലവും പാരായണക്ഷമതയുള്ള ഭാഷയിൽ അദ്ദേഹമതു നിർവഹിച്ചിട്ടുണ്ട്. വാഗ്ദത്ത മഹ്ദി മസീഹിന്റെ അൽവസിയ്യത്ത് എന്ന ഗ്രന്ഥവും ഇദ്ദേഹം പരിഭാഷപ്പെടുത്തിയിട്ടുണ്ട്. അല്ലാഹു ഇഹപരത്തിൽ തക്കതായ പ്രതിഫലം അദ്ദേഹത്തിനു നൽകുമാറാകട്ടെ.

ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനു വേണ്ട സാമ്പത്തിക സഹായം ചെയ്തത് കുടാളി സ്വദേശിയായ ജനാബ് ഹനീഫ് അഹ്മദ് സാഹിബാണ്.

തന്റെ പിതാവ് കണ്ണൂർ സിറ്റി ജമാഅത്തംഗമായിരുന്ന മർഹൂം ജനാബ് പി. കമാൽ സാഹിബിന്റെ സ്മരണയ്ക്കായി അദ്ദേഹത്തിന്റെ മകൻ ചെയ്യുന്ന ഈ സേവനത്തിന് അല്ലാഹു തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. ഈ ഗ്രന്ഥം റിവ്യൂ ചെയ്തു തന്ന റിവ്യൂ കമ്മറ്റിയംഗങ്ങളെ പ്രത്യേകിച്ച് മൗലവി ഇസ്മായീൽ സാഹിബ്, ഇതിന്റെ വിതരണം ഏറ്റെടുത്ത ഇസ്ലാം പബ്ലിക്കേഷൻസ് കേരളയുടെ സദർ പ്രൊ. മഹ്മൂദ് അഹ്മദ് സാഹിബ്, അഡ്മിനിസ്ട്രേറ്റർ ഷറഫുദ്ദീൻ സാഹിബ് എന്നിവരെ ഇത്തരുണത്തിൽ നന്ദിപൂർവ്വം ഓർമ്മിക്കുന്നു. ഇതിന്റെ പ്രസാധനത്തിൽ പ്രത്യേകം താത്പര്യമെടുത്ത മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സൗത്ത് കേരള ഖാഇദ് ടി.കെ. അബൂബക്കർ സാഹിബ്, എറണാകുളം മേഖല അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് തുടങ്ങി ഇതിൽ ഭാഗഭാക്കായ എല്ലാവരേയും കൃതജ്ഞതയോടെ സ്മരിക്കുന്നു. അല്ലാഹു തക്കതായ പ്രതിഫലം എല്ലാവർക്കും നൽകുമാറാകട്ടെ

സമകാലിക പ്രസക്തി ഏറെയുള്ള ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ ഭാഗ്യം തന്ന അല്ലാഹുവിനെ സ്മരിച്ചുകൊണ്ട് മലയാളത്തിലെ സഹൃദയ മനസ്സുകൾക്ക് മുന്നിൽ വിനീതമായി ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

15.10.2007 — പബ്ലിക്കേഷൻ സെക്രട്ടറി
എറണാകുളം — മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, സൗത്ത് കേരള

بسم الله الرحمن الرحيم
نحمده ونصلي على رسوله الكريم

**ലോകത്ത് ഒരു താക്കീതുകാരൻ വന്നു, എന്നാൽ ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. പക്ഷേ അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യതയെ വെളിപ്പെടുത്തുകയും ചെയ്യുന്നതാണ്.**

അഞ്ച് ഭൂകമ്പം ഉണ്ടാകുന്നതിനെ സംബന്ധിച്ചുള്ള അല്ലാഹുവിന്റെ പ്രവചനം ഇപ്രകാരമാണ്.

چمک دکھلاؤں گا تم کو اس نشاں کی پنج بار

**"ഈ അടയാളത്തിന്റെ പ്രകാശപ്പൊലിമ നിങ്ങളെ അഞ്ചുപ്രാവശ്യം കാണിക്കും!"**

ഈ ദിവ്യഭാഷണത്തിന്റെ ഉദ്ദേശ്യം ഞാൻ അല്ലാഹുവിന്റെ അടുത്തുനിന്ന് വന്നിരിക്കുന്നുവെന്ന് ജനങ്ങൾ മനസ്സിലാക്കുന്നതിനും, ഈ വിനീതന്റെ സത്യതയ്ക്ക് ശക്തമായ സാക്ഷ്യം വഹിക്കുന്നതിനുമായി ഭയാനകമായ അഞ്ച് ഭൂകമ്പം കുറഞ്ഞ സമയപരിധിക്കുള്ളിൽ ഒന്നിനു പിറകെ മറ്റൊന്നായി ഉണ്ടാകുമെന്ന് അല്ലാഹു പറയുന്നു. അവ കാണുമ്പോൾ ദൈവത്തെ ഓർത്തു പോകും വിധം അവയിലോരോന്നിലും ശക്തമായ തിളക്കം പ്രകടമാകു ന്നതും, അവയുടെ ഭയാനകമായ പ്രഭാവം ഹൃദയങ്ങളിൽ ഉണ്ടാകുന്നതുമാണ്. അവയെ ദർശിക്കുന്നതിലൂടെ മനുഷ്യന്റെ ബോധം ക്ഷയിച്ചുപോകുന്ന വിധത്തിൽ

അത് ശക്തിയിലും, കാഠിന്യത്തിലും, നഷ്ടം വരുത്തിവെക്കുന്നതിലും അസാധാരണമായിരിക്കും. ഇതെല്ലാം അല്ലാഹുവിന്റെ അഭിമാനരോഷമാണ് കാണിക്കുന്നത്. കാരണം ജനങ്ങൾ കാലത്തെ തിരിച്ചറിഞ്ഞില്ല. അല്ലാഹു പറയുന്നു, മറഞ്ഞിരുന്ന ഞാനിനി സ്വയം വെളിപ്പെട്ടുകൊണ്ട് എന്റെ മഹിമാവിലാസം കാണിക്കുന്നതാണ്. മൂസാനബിയേയും അദ്ദേഹത്തിന്റെ സംഘത്തേയും ഫിർഔന്റെ കരങ്ങളിൽനിന്ന് മോചിപ്പിച്ചതുപോലെ ഞാൻ എന്റെ ദാസൻമാർക്ക് മോചനം നല്കുന്നതാണ്. മൂസാ, ഫിർഔന്റെ മുന്നിൽ കാണിച്ചതുപോലെതന്നെ ഈ അത്ഭുതങ്ങൾ വെളിപ്പെടുന്നതായിരിക്കും. അല്ലാഹു പറയുന്നു, ഞാൻ സത്യവാനേയും അസത്യവാനേയും വേർതിരിച്ചു കാണിക്കുകയും, എന്നിൽ നിന്നുള്ളവനെ സഹായിക്കുകയും, അവന്റെ എതിരാളിയുടെ എതിരാളിയായി മാറുകയും ചെയ്യുന്നതാണ്.[1]

അല്ലയോ ശ്രോതാക്കളേ, അതിനാൽ, നിങ്ങൾ എല്ലാവരും ഓർമ്മിച്ചുകൊള്ളുക, ഈ ദിവ്യപ്രവചനങ്ങൾ തികച്ചും നിസ്സാരമായ നിലയിൽമാത്രം വെളിപ്പെടുകയാണെങ്കിൽ ഞാൻ അല്ലാഹുവിൽ നിന്നുള്ളവനല്ലായെന്ന് നിങ്ങൾ മനസ്സിലാക്കിക്കൊള്ളുക. എന്നാൽ, ഈ പ്രവചനങ്ങൾ പുലരുന്നനേരത്ത് അത് ലോകത്ത് നാശങ്ങൾ വിതയ്ക്കുകയും കഠിനമായ പരിഭ്രമത്താൽ ഭ്രാന്തന്മാരെ പോലെയാക്കുകയും, മിക്ക സ്ഥലങ്ങളിലും ജീവനും, വസ്തുവകകൾക്കും നാശമുണ്ടാക്കുകയും ചെയ്യുകയാണെങ്കിൽ, എനിക്ക് വേണ്ടി ഇതെല്ലാം ചെയ്തുകാണിച്ച ദൈവത്തെ നിങ്ങൾ ഭയപ്പെടുക. ഓരോ തരിയും തന്റെ അധീനതയിലിയിലുള്ള ആ അല്ലാഹുവിൽനിന്ന് മനുഷ്യൻ എങ്ങോട്ട് ഓടാനാണ്? ഞാൻ ഒരു കള്ളനെപ്പോലെ ഒളിച്ചാണ് വരികയെന്ന് അവൻ പറയുന്നു. അതായത്, അവൻ തന്റെ മസീഹ് മൗഊദിന് നല്കിയതോ അല്ലെങ്കിൽ ഭാവിയിൽ അതിനെക്കുറിച്ച് വെളിവാക്കുന്നതോ ആയ അറിവല്ലാതെ, ഏതെങ്കിലും ഒരു ജ്യോത്സ്യനോ, ദൈവപ്രബുദ്ധനോ (മുൽഹം), സ്വപ്നദർശിക്കോ ആ നേരത്തെക്കുറിച്ചുള്ള അറിവ്

1. അല്പം മയക്കത്തിന്റെ അവസ്ഥയിൽ, ഒരു കടലാസ്സ് തുണ്ടിൽ 'തിൽക്ക ആയാത്തുൽ കിതാബിൽ മുബീൻ' അതായത് വിശുദ്ധഖുർആന്റെ സത്യതക്കുള്ള ദൃഷ്ടാന്തമായിരിക്കുമിത് എന്നെഴുതിയിരിക്കുന്നത് അല്ലാഹു എനിക്ക് കാണിച്ചുതന്നു.

നല്കപ്പെടുകയില്ല. ഈ അടയാളങ്ങൾ വെളിപ്പെട്ടശേഷം ഒരു വിപ്ലവം ലോകത്തുണ്ടാകുന്നതാണ്. മിക്ക ഹൃദയങ്ങളും അല്ലാഹുവിലേക്ക് വലിച്ചടുപ്പിക്കപ്പെടുകയും, സൗഭാഗ്യവാന്മാരുടെ ഹൃദയങ്ങളിൽ ഭൗതികതയോടുള്ള സ്നേഹം തണുത്തുപോവുകയും, അശ്രദ്ധയുടെ മറ നീക്കപ്പെടുകയും, യഥാർത്ഥ ഇസ്‌ലാമിന്റെ മധുരപാനീയം അവർ കുടിപ്പിക്കപ്പെടുകയും ചെയ്യുന്നതാണ്. അല്ലാഹു പറയുന്നു.

چو دور خسروی آغاز کردند - مسلماں را مسلماں باز کردند

**നമ്മുടെ രാജകീയകാലഘട്ടം ആരംഭിച്ചപ്പോൾ**
**മുസ്‌ലിംങ്ങൾ വീണ്ടും മുസ്‌ലിങ്ങളാക്കപ്പെട്ടു.**

ഖുസ്റവി (രാജകീയ) കാലഘട്ടം കൊണ്ടുള്ള ഉദ്ദേശ്യം ഈ വിനീതന്റെ പ്രബോധന കാലഘട്ടമാണ്. എന്നാൽ, ഇവിടെ ഭൗതിക രാജ്യഭരണമല്ല ഉദ്ദേശിക്കുന്നത്. മറിച്ച്, എനിക്ക് നല്കപ്പെട്ടിരിക്കുന്ന ദൈവിക രാജ്യഭരണമാണ്. ഈ ഇൽഹാമിന്റെ രത്നചുരുക്കം ഇതാകുന്നു: ദൈവത്തിന്റെയടുത്ത് ആത്മീയ രാജ്യഭരണമെന്ന് പറയപ്പെടുന്ന രാജകീയകാലഘട്ടം അതായത് മസീഹിന്റെ കാലഘട്ടം അല്ലാഹുവിന്റെ വിശുദ്ധരായ പ്രവാചകന്മാർ പ്രവചനം ചെയ്തിരിക്കുന്നതു പോലെ ആറാമത്തെ സഹസ്രാബ്ദത്തിന്റെ അന്ത്യത്തിൽ ആരംഭിച്ചപ്പോൾ അതിന്റെ പ്രതിഫലനമായി തികച്ചും നാമമാത്രമുസ്‌ലിങ്ങളായിരുന്നവർ യഥാർത്ഥ മുസ്‌ലിങ്ങളായിത്തീരാൻ തുടങ്ങി. ഇതിപ്പോൾ 4 ലക്ഷത്തി* നടുത്ത് ആയിക്കഴിഞ്ഞിരിക്കുന്നു. ഏകദേശം 4 ലക്ഷം പേർ അവരുടെ പാപങ്ങളിൽനിന്നും, ദുഷ്ചെയ്തികളിൽനിന്നും ശിർക്കിൽനിന്നും ഞാൻ മുഖേന തൗബ ചെയ്തു മടങ്ങിയതും കൂടാതെ ഹിന്ദുക്കളിൽനിന്നും ക്രിസ്ത്യാനികളിൽനിന്നും ഒരു സംഘമാളുകൾ ഇസ്‌ലാംമതം സ്വീകരിച്ചതും എന്നെ സംബന്ധിച്ചിടത്തോളം നന്ദി രേഖപ്പെടുത്തേണ്ട സന്ദർഭമാണ്. ഇന്നലെതന്നെ ഒരു ഹിന്ദുസഹോദരൻ എന്റെ കൈയിൽ ഇസ്‌ലാം ആശ്ലേഷിക്കുകയും, അദ്ദേഹത്തിന്റെ പേര് മുഹമ്മദ് ഇഖ്ബാൽ എന്നു വെക്കുകയും ചെയ്തു.

---

* 1906 ലെ കണക്കുപ്രകാരം. വിവ:

ഇന്നലെ, ഞാൻ ഈ ദൈവികവെളിപാടിനെകുറിച്ച് ചിന്തിച്ചു കൊണ്ടിരുന്നപ്പോൾ പ്രസ്തുത വെളിപാടിനുശേഷം പെട്ടെന്ന് എന്റെ ആത്മാവിൽ ഈ വാചകം ഇറക്കപ്പെട്ടു. അത് ആദ്യ ഇൽഹാമിനു ശേഷമുള്ളതാണ്.

مقام او مبیں از راہ تحقیر - بدورانش رسولاں ناز کردند

**അദ്ദേഹത്തിന്റെ പദവിയെ നിന്ദ്യതയോടെ വീക്ഷിക്കരുത്.**
**കാരണം പ്രവാചകന്മാർ അദ്ദേഹത്തിന്റെ കാലത്തെ സംബന്ധിച്ച്**
**അഭിമാനം കൊണ്ടിട്ടുണ്ട്.**

അപ്രകാരംതന്നെ, ഇനി എഴുതാൻപോകുന്ന ദിവ്യവെളിപാടിൽ, എന്റെ കരങ്ങളാൽ ഇസ്‌ലാംമതത്തെ പ്രചരിപ്പിക്കാൻ പോകുന്നുവെന്ന സന്തോഷവാർത്തയും അല്ലാഹു നല്കി. അവൻ പറഞ്ഞു.

يا قمر يا شمس انت منّى وانا منك

**അല്ലയോ ചന്ദ്രാ, അല്ലയോ സൂര്യാ! നീ എന്നിൽ നിന്നും ഞാൻ**
**നിന്നിൽനിന്നുമാണ്.**

ഈ ദിവ്യവെളിപാടിൽ, ഒരുപ്രാവശ്യം അല്ലാഹു എന്നെ ചന്ദ്രനായി നിശ്ചയിച്ചുകൊണ്ട് തന്റെ പേര് സൂര്യനെന്ന് വെച്ചിരിക്കുന്നു. ഇതുകൊണ്ടുള്ള ഉദ്ദേശ്യം എപ്രകാരം ചന്ദ്രന്റെ പ്രകാശം സൂര്യനിൽനിന്ന് അനുഗ്രഹവും ഉപകാരപ്രദവുമാണോ അപ്രകാരം എന്റെ പ്രകാശം അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹവും, ഉപകാരപ്രദവുമായിരിക്കും എന്നാണ്. പിന്നീട് രണ്ടാം തവണ അല്ലാഹു തന്റെ പേര് ചന്ദ്രനെന്ന് വെക്കുകയും എന്നെ സൂര്യനെന്ന് വിളിക്കുകയും ചെയ്തിരിക്കുന്നു. ഇതുകൊണ്ടു ദ്ദേശിക്കുന്നത്, അവൻ തന്റെ പ്രതാപപരമായ പ്രകാശം ഞാൻ മുഖേന വെളിപ്പെടുത്തുമെന്നാണ്. ഗോപ്യനായിരുന്ന അവൻ ഇനി എന്റെ കയ്യാൽ വെളിപ്പെടു ന്നതാണ്. അവന്റെ മഹിമാവിലാസത്തെക്കുറിച്ച് ലോകത്തിന് അറിയില്ലായിരുന്നു. എന്നാൽ, അവന്റെ പ്രതാപത്തിന്റെ പ്രകാശപ്പൊലിമ ലോകത്തിന്റെ ഓരോ ഭാഗത്തും ഇനി ഞാൻ മുഖേന വ്യാപിക്കുന്നതാണ്. മിന്നൽ ഒരുഭാഗത്തുനിന്ന് വെളി

പ്പെട്ട് നിമിഷനേരംകൊണ്ട് ആകാശത്തിന്റെ എല്ലാ മണ്ഡലങ്ങളേയും പ്രകാശിപ്പിക്കുന്നത് നിങ്ങൾ കാണാറുണ്ടല്ലോ. അതുപോലെ, ഇക്കാലഘട്ടത്തിലും സംഭവിക്കും. അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറയുന്നു, **നിനക്കു വേണ്ടി എന്റെ നാമം വിളങ്ങുകയും സർവ്വ ലോകത്തു നിന്നും നിന്നെ ഞാൻ തിരഞ്ഞെടുക്കുകയും ചെയ്തു.**

قال ربّك انّه نازل من السّماء ما يُرضيك

**നിന്റെ നാഥൻ പറയുന്നു. നീ തൃപ്തനാകുന്ന വിധത്തിൽ അതിശക്തമായ അത്ഭുതദൃഷ്ടാന്തങ്ങൾ ആകാശത്തിൽനിന്ന് ഇറങ്ങുന്നതാണ്.**

അവയിൽ ഒരു പ്ലേഗും കഠിനതരമായ രണ്ട് ഭൂകമ്പവും അല്ലാഹുവിൽനിന്നുള്ള അറിയിപ്പനുസരിച്ച് ഈ രാജ്യത്ത് ആദ്യമേതന്നെ സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. എന്നാൽ, ഇപ്പോൾ അല്ലാഹു പറയുന്നു, **ഇനി അഞ്ച് ഭൂകമ്പംകൂടി സംഭവിക്കുന്നതാണ്**. ലോകം അവയുടെ അസാധാരണമായ പ്രകാശപ്പൊലിമ കാണുന്നതായിരിക്കും. അല്ലാഹു തന്റെ ദാസനായ മസീഹ് മൗഊദിനുവേണ്ടി കാണിക്കുന്ന അടയാളമാണതെന്ന് അവരുടെമേൽ സ്ഥാപിച്ചു കാണിക്കുന്നതാണ്. എന്നാൽ, അഹോ കഷ്ടം! ജാലവിദ്യക്കാർ മൂസാനബിയോട് മത്സരിച്ചതുപോലെ, ഇക്കാലഘട്ടത്തിലെ ജോത്സ്യന്മാർ ഈ പ്രവചനങ്ങളെ സംബന്ധിച്ച് എന്നോട് മത്സരിച്ചു കൊണ്ടിരിക്കുകയാണ്. അന്ധകാര ഗർത്തങ്ങളിൽ അകപ്പെട്ടു കിടക്കുകയും ദിവ്യഭാഷണം ലഭിക്കുന്നു എന്ന് വാദിക്കുകയും ചെയ്യുന്ന ചില അജ്ഞർ ബൽഅമിനെപോലെ എന്നോട് മത്സരിക്കുന്നതിനു വേണ്ടി സത്യത്തെ ത്യജിക്കുകയും വഴിപിഴച്ചവരെ സഹായിക്കുകയും ചെയ്യുന്നു. എന്നാൽ, അല്ലാഹു പറയുന്നു, **ഞാൻ എല്ലാവരേയും നാണംകെടുത്തുന്നതാണ്. മറ്റാർക്കും ഈ ബഹുമതി ഒരിക്കലും നല്കുകയില്ല.** പക്ഷേ, ഇവർക്കെല്ലാം തങ്ങളുടെ ജ്യോതിഷവിദ്യകളെക്കൊണ്ടോ അല്ലെങ്കിൽ ഇൽഹാമുകളെക്കൊണ്ടോ എന്നോട് മത്സരിക്കാനുള്ള അവസരമാണിത്. ഇനി ആരെങ്കിലും മത്സരത്തിൽനിന്ന് ഒഴിഞ്ഞുമാറുകയാണെങ്കിൽ അവർ പരാജയമടഞ്ഞവരാണ്. അല്ലാഹു പറയുന്നു, **അവരെയെല്ലാം ഞാൻ പരാജയപ്പെടുത്തുകയും നിന്റെ ശത്രുവിന്റെ ശത്രുവായി ഞാൻ മാറുകയും**

**ചെയ്യും.** അവൻ പറയുന്നു, **എന്റെ രഹസ്യജ്ഞാനങ്ങൾ വെളിപ്പെടുത്തുന്നതിനായി ഞാൻ നിന്നെ മാത്രം തിരഞ്ഞെടുത്തിരിക്കുന്നു. ഭൂമിയും ആകാശവും എന്നോടൊപ്പം ഉള്ളതുപോലെ നിന്നോടൊപ്പവും ഉണ്ട്. നീ ഞാനുമായിട്ട് എന്റെ അർശ്- സിംഹാസനം പോലെയാണ്.** ഇതനുസരിച്ച് ദൈവത്തിന്റെ വരിഷ്ഠപ്രവാചകന്മാരെ അന്യരിൽനിന്ന് വ്യതിരിക്തമാക്കുന്ന ഒരുവചനം വിശുദ്ധഖുർ ആനിലുണ്ട്. അതിപ്രകാരമാകുന്നു.

لا يظهر على غيبه احدًا الا من ارتضي من رسول

**വരിഷ്ഠപ്രവാചകന് മാത്രമേ വ്യക്തമായ അദൃശ്യജ്ഞാനങ്ങൾ നല്കപ്പെടുകയുള്ളു.** (72: 27,28)

അന്യർക്ക് അതിൽ ഒരു പങ്കും ഉണ്ടാവുകയില്ല. അതിനാൽ, നമ്മുടെ ജമാഅത്ത് വഞ്ചിതരാകാൻ പാടില്ലാത്തതാണ്. എന്റെ എതിരിലുള്ളവരും എനിക്ക് ബയ്അത്ത് ചെയ്തിട്ടുള്ളവരിൽ പെടാത്തവരും ആയിട്ടുള്ള ഈ അന്യർ ഒന്നുമല്ലായെന്ന് മനസ്സിലാക്കിക്കൊള്ളട്ടെ. അല്ലാത്തപക്ഷം നിങ്ങൾ അല്ലാഹുവിന്റെ കോപത്തിനു പാത്രമായിത്തീരുന്നതാണ്. അല്ലാഹുവിനും അവന്റെ ദൂതനും മാത്രം നല്കേണ്ട മാന്യതയും ബഹുമതിയും, മറ്റുള്ളവർക്ക് നല്കുന്നുണ്ടോ എന്നും അവർക്കു നല്കപ്പെട്ട സത്യത്തിൽ അവർ നിലകൊള്ളുന്നുണ്ടോ ഇല്ലയോ എന്നും, വീക്ഷിക്കുന്നതിന് വേണ്ടിയുമാണ് വ്യർത്ഥമായ പ്രവചനങ്ങൾ നടത്തുന്ന ഇത്തരം ആളുകൾ മുഖേന അല്ലാഹു സത്യവിശ്വാസികളെ പരീക്ഷിക്കു ന്നത്.

ഈ അഞ്ച് ഭൂകമ്പം സംഭവിക്കുകയും അല്ലാഹു ഉദ്ദേശിച്ചത്ര നാശനഷ്ടങ്ങൾ പൂർത്തിയാകുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ കാരുണ്യം അധികമായി വർഷിക്കപ്പെടുന്നതും, അതിനു ശേഷം ഒരു ദീർഘകാലംവരെ അസാധാരണവും, അതിഭയാനകവുമായ ഭൂകമ്പങ്ങൾക്ക് അന്ത്യം കുറിക്കപ്പെടുന്നതുമായിരിക്കും. പ്ലേഗും രാജ്യത്തുനിന്ന് പൊയ്പ്പോകുന്നതാണ്.

يَاْتِي عَلٰي جَهَنَّمَ زَمَانٌ لَيْسَ فِيهَا اَحَدٌ

എന്ന് അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞതുപോലെ, അതായത്, **പ്ലേഗിന്റേയും ഭൂകമ്പങ്ങളുടേയും നരകമാകുന്ന ഈ രാജ്യത്ത് ഒരു മനുഷ്യനും അവശേഷിക്കാത്ത ഒരു കാലഘട്ടം വരും.** എപ്രകാരം നൂഹിന്റെ കാലത്ത് സൃഷ്ടികളിൽ അധികവും മരിച്ചതിനുശേഷം സമാധാനത്തിന്റെ ഒരു കാലഘട്ടം നല്കപ്പെട്ടുവോ അതുപോലെ, ഇവിടെയും സംഭവിക്കുന്നതാണ്. ഈ ഇൽഹാമിനുശേഷം അല്ലാഹു പറയുന്നു.

ثُمَّ يُغَاثُ النَّاسُ وَيُعْصَرُونَ

അതായത് അതിനു ശേഷം ജനങ്ങളുടെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുകയും, യഥാസമയത്ത് മഴ വർഷിക്കുകയും തോട്ടങ്ങളും, കൃഷിയിടങ്ങളും അധികമായി ഫലം തരികയും, അങ്ങനെ സന്തോഷത്തിന്റെ ഒരു കാലം വരികയും ചെയ്യുന്നതാണ്. കരുണ കാണിക്കാതെ അടിച്ചമർത്തുന്നവനാണ് അല്ലാഹു എന്ന് ജനങ്ങൾ മനസ്സിലാക്കാതിരിക്കാനും അങ്ങനെ അവന്റെ മസീഹിനെ ചീത്തയായി കാണാതിരിക്കാനും വേണ്ടിയാണ് അസാധാരണമായ ആപത്തുകൾ നീക്കപ്പെടുന്നത്.[2]

ഓർമ്മിക്കുക, മസീഹ് മൗഊദിന്റെ കാലത്ത് മരണങ്ങളുടെ ആധിക്യം ഉണ്ടാകേണ്ടത് അനിവാര്യമായിരുന്നു. ഭൂകമ്പങ്ങളുടേയും പ്ലേഗിന്റേയും വരവ് വിധിക്കപ്പെട്ട കാര്യമായിരുന്നു. മസീഹ് മൗഊദിന്റെ ശ്വാസംകൊണ്ട് ജനങ്ങൾ മരിക്കുമെന്നും, മസീഹിന്റെ ദൃഷ്ടി എത്തുന്നിടംവരെ അദ്ദേഹത്തിന്റെ വധാത്മക ശ്വാസത്തിന്റെ പ്രഭാവമുണ്ടാകുമെന്നും എഴുതിയിരിക്കുന്ന ഹദീസിന്റെ അർത്ഥം ഇതാണ്. അല്ലാതെ, ഒരൊറ്റ നോട്ടത്തിൽ

---

2. മസീഹ്മൗഊദിനെപ്പറ്റി ആരംഭം മുതൽക്കെ വിധിക്കപ്പെട്ടിരിക്കുന്നത് ആദ്യം അദ്ദേഹം ക്രോധപ്രകൃതത്തോടുകൂടി പ്രകടമാകുമെന്നാണ്. അദ്ദേഹത്തിന്റെ ദൃഷ്ടി പതിക്കുന്നിടത്ത് അദ്ദേഹത്തിന്റെ ശ്വാസം കൊണ്ട് ജനങ്ങൾ മരിക്കുന്നതാണ്. അതായത് ആ കാലം വാളുകൊണ്ടോ ജിഹാദുകൊണ്ടോ യുദ്ധം ചെയ്യേണ്ട കാലമല്ല. മസീഹ് മൗഊദിന്റെ ആത്മീയാഭിമുഖ്യം മാത്രം വാളിന്റെ ജോലി നിർവഹിക്കുന്നതാണ്. പ്ലേഗ്, ഭൂകമ്പം മുതലായ ആപത്തുകൾ പോലെ ക്രോധത്തിന്റെ അടയാളങ്ങൾ ആകാശത്തുനിന്ന് ഇറങ്ങുന്നതാണ്. തദനന്തരം ദൈവത്തിന്റെ മസീഹ് മനുഷ്യകുലത്തെ ദയാദൃഷ്ടിയോടെ വീക്ഷിക്കുമ്പോൾ, ആകാശത്തുനിന്ന് കരുണയുടെ അടയാളങ്ങൾ പ്രകടമാകും. ആയുസ്സിൽ അനുഗ്രഹം ചൊരിയപ്പെടും. ഭൂമിയിൽനിന്ന് ഭക്ഷണസാധനങ്ങൾ അധികമായി ഉത്പാദിപ്പിക്കും.

ത്തന്നെ എല്ലാവരുടേയും കരൾ പറിച്ചെടു ക്കുന്ന ഒരു രാക്ഷസനായിട്ടാണ് ഈ ഹദീസിൽ മസീഹ് മൗഊദിനെ ചിത്രീകരിച്ചിരിക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കരുത്. മറിച്ച് ഈ ഹദീസ് നമുക്ക് മനസ്സിലാക്കിത്തരുന്നത് അദ്ദേഹത്തിന്റെ പരിശുദ്ധമായ നിശ്വാസം അഥവാ പരിശുദ്ധമായ അദ്ധ്യാപന ങ്ങൾ ലോകത്ത് പ്രസിദ്ധീകൃത മാകുമ്പോൾ ജനങ്ങൾ അവയെ നിഷേധിക്കുകയും അസത്യപ്പെടുത്തുകയും ശകാരവചനങ്ങൾ ചൊരിയുകയും ചെയ്യുന്നതുകൊണ്ട് ആ നിഷേധം ശിക്ഷക്ക് കാരണമായിത്തീരു മെന്നാണ്.[3] ഈ ഹദീസ് വ്യക്തമാക്കുന്നത്, മസീഹ് മൗഊദിനെ ശക്തമായ നിലയിൽ നിഷേധിക്കുന്ന കാരണത്താൽ രാജ്യത്ത് മഹാമാരി പടർന്നു പിടിക്കുകയും അതിശക്തമായ ഭൂകമ്പങ്ങൾ ഉണ്ടാകുകയും അശാന്തി പരക്കുകയും ചെയ്യുമെന്നതാണ്. അല്ലാതെ സദ്‌വൃത്തരും, സജ്ജനങ്ങളുമായവരുടെമേൽ അനാവശ്യമായി വിവിധ തരത്തിലുള്ള ശിക്ഷകളുടെ ആപത്തുകൾ ഇറങ്ങുകയെന്നത് ബുദ്ധിക്ക് നിരക്കാത്ത കാര്യമാണ്. ഇക്കാരണം കൊണ്ടു തന്നെയാണ്, പൂർവ്വകാലഘട്ടത്തിലെ അജ്ഞരായ ജനങ്ങൾ എല്ലാ പ്രവാചകന്മാരേയും ഭാഗ്യംകെട്ടവരായി കരുതുകയും അവരുടെ ദുഷ്കർമ്മങ്ങളുടെ ഫലം പ്രവാചകന്മാരുടെമേൽ കെട്ടി വെക്കുകയും ചെയ്തത്. എന്നാൽ, യഥാർത്ഥത്തിൽ പ്രവാചകൻ ശിക്ഷ കൊണ്ടു വരുന്നില്ല. മറിച്ച് ശിക്ഷയ്ക്കർഹരായിത്തീരാൻ വേണ്ട ന്യായപൂർത്തീകരണത്തിനായി പ്രവാചകനെ കൊണ്ടു വരികയും അതിനെ നിലനിറുത്തു ന്നതിനായുള്ള ആവശ്യകത സംജാതമാക്കുകയുമാണ് ചെയ്യുന്നത്. കഠിനമായ ശിക്ഷ പ്രവാചകൻ വരാതെ കണ്ട് ഇറങ്ങാറില്ല. ഇത് സംബന്ധമായി

---

3. ഈ ഹദീസിൽ നിന്നും മസീഹിന്റെ കാലത്ത് ജിഹാദ് റദ്ദാക്കപ്പെടുമെന്ന് വ്യക്തമാകുന്നുണ്ട്. സഹീഹ്ബുഖാരിയിലും മസീഹിന്റെ ഗുണങ്ങളിൽ ***യളഃ ഉൾഹർബു*** എന്ന് എഴുതിയിരിക്കുന്നതുപോലെ, അതായത് വാഗ്ദത്തമസീഹ് പ്രത്യക്ഷപ്പെടുമ്പോൾ ധർമ്മയുദ്ധങ്ങൾക്ക് വിരാമം കുറിക്കും. ഇതിലുള്ള തത്ത്വം ഇതാണ്, അതായത് മസീഹിന്റെ ആത്മീയശ്രദ്ധമൂലം ശിക്ഷാപരമായ അടയാളങ്ങൾ പ്രകടമാകുകയും ലക്ഷക്കണക്കിന് മനുഷ്യർ പ്ലേഗ് കൊണ്ടും, ഭൂകമ്പങ്ങൾകൊണ്ടും മരിക്കുകയും ചെയ്യുമ്പോൾ പിന്നെ വാളുകൊണ്ട് ആരേയും വധിക്കേണ്ട ആവശ്യം നേരിടുകയില്ല. രണ്ടുതരത്തിലുള്ള അതികഠിനമായ ശിക്ഷ ഒരേസമയത്ത് എതെങ്കിലും സമൂഹത്തിനുമേൽ ഇറക്കുന്നതിനേക്കാൾ കരുണാമയനാണ് അല്ലാഹു. അതായത് ഒന്ന്, നാശപരമായ അടയാളങ്ങളുടെ ശിക്ഷ. രണ്ട്, മനുഷ്യർ മുഖേന വാളുകൊണ്ടുള്ള ശിക്ഷ. ഈ രണ്ടുരീതിയിലുള്ള ശിക്ഷ ഒരേ സമയത്ത് ഒരുമിച്ച് ചേരുകയില്ലെന്ന് വിശുദ്ധഖുർആനിൽ അല്ലാഹു വ്യക്തമാക്കുന്നുണ്ട്.

വിശുദ്ധഖുർ ആനിൽ അല്ലാഹു പറയുന്നു.

وما كنا معذبين حتى نبعث رسولا

**ഒരുദൂതനെ അയക്കുന്നതുവരെ നാം ശിക്ഷിക്കാറില്ല. (17:16)**

പിന്നെന്തുകൊണ്ടാണ്, ഒരുഭാഗത്ത് പ്ലേഗ് രാജ്യത്തെ വിഴുങ്ങിക്കൊണ്ടിരിക്കുകയും മറുഭാഗത്ത് ഭയാനകമായ ഭൂകമ്പങ്ങൾ പിന്നിൽനിന്ന് മാറാതിരിക്കുക്കുകയും ചെയ്യുന്നത്? അല്ലയോ അശ്രദ്ധയിൽ കഴിയുന്നവരേ, അല്ലാഹുവിൽനിന്ന് നിങ്ങളിൽ ഏതെങ്കിലും ഒരു നബി എഴുന്നേറ്റുനിന്നിട്ടുണ്ടോ എന്നും അദ്ദേഹത്തെയാണോ നിങ്ങൾ നിഷേധിച്ചുകൊണ്ടിരിക്കുന്നതെന്നും അന്വേഷിച്ചുനോക്കുക.[4] ഇത് ഹിജ്റ നൂറ്റാണ്ടിന്റെ 24-ാമത്തെ വർഷമാണ്. എല്ലാ വർഷവും നിങ്ങളുടെ മിത്രങ്ങളെ നിങ്ങളിൽനിന്ന് അകറ്റിക്കളയുകയും, നിങ്ങളുടെ പ്രിയരെ നിങ്ങളിൽനിന്ന് വേർപ്പെടുത്തിക്കൊണ്ട് ഹൃദയങ്ങളിൽ വേർപാടിന്റെ മുറിവുകളു ണ്ടാക്കുകയും ചെയ്യുന്ന ഇത്തരം കഷ്ടപാടുകൾ ഒരു ദൈവനിയുക്തനും വരാതെ നിങ്ങളിൽ എന്തുകൊണ്ടു സംഭവിക്കുന്നു? അപ്പോൾ ഇതിൽ എന്തോ കാര്യമുണ്ട്. നിങ്ങളതെന്തുകൊണ്ടത് അന്വേഷിക്കുന്നില്ല?

وما كنا معذبين حتى نبعث رسولا

എന്ന് മുകളിൽ രേഖപ്പെടുത്തിയ വചനത്തെക്കുറിച്ച് എന്തുകൊണ്ട് നിങ്ങൾ ചിന്തിക്കുന്നില്ല? അല്ലാഹു പറയുന്നു.

**നാം ന്യായപൂർത്തീകരണത്തിനായി പ്രവാചകനെ അയക്കാതെ ഒരു ദേശത്തും അസാധാരണമായ ശിക്ഷകൾ ഇറക്കാറില്ല.** എന്നാൽ, ഇപ്പോൾ അസാധാരണമായ ശിക്ഷയല്ലേ കുറച്ചു വർഷങ്ങളായിട്ട് നിങ്ങൾ അനുഭവിച്ചുകൊണ്ടിരി

4. ഇക്കാലത്തെ സംബന്ധിച്ചിടത്തോളം നബിയെന്ന പദംകൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത് ഇത്രമാത്രമാണ്: അതായത്, ഏതെങ്കിലും വ്യക്തി പരിപൂർണ്ണമായ നിലയിൽ അല്ലാഹുവിൽനിന്ന് ദിവ്യഭാഷണവും, ദിവ്യബോധനവും ലഭിച്ചവനായിക്കൊണ്ട് മതോദ്ധാരണത്തിനായി അല്ലാഹുവിൽനിന്ന് നിയുക്തനാകുക. അതല്ലാതെ പുതിയൊരു ശരീഅത്ത് (ന്യായപ്രമാണം) കൊണ്ടുവരലല്ല. കാരണം ശരീഅത്ത് തിരുനബി (സ)യിൽ സമാപ്തി കുറിക്കപ്പെട്ടിരിക്കുന്നു. തിരുനബി(സ) യുടെ കാലശേഷം അദ്ദേഹത്തിന്റെ ഉമ്മത്തിൽപ്പെടാത്ത ഒരാളേയും നബിയെന്ന പദപ്രയോഗംകൊണ്ട് വിശേഷിപ്പിക്കാവതല്ല. ഇതിന്നർത്ഥം, എല്ലാ അനുഗ്രഹങ്ങളും ആദരണീയനായ നബിതങ്ങളെ(സ) അനുധാവനം ചെയ്യുക നിമിത്തം മാത്രം സിദ്ധി

ക്കുന്നതെന്ന് നിങ്ങളൊന്ന് ചിന്തിച്ചുനോക്കുക. നിങ്ങളുടെ പിതാമഹന്മാർ പോലും പേരു കേട്ടിട്ടില്ലാത്തതും, ആയിര ക്കണക്കിന് വർഷങ്ങളായി ഈ രാജ്യത്ത് ഒരു ഉദാഹരണം പോലും എടുത്തുകാണിക്കാൻ കഴിയാത്തതുമായ ആപത്തു കളാണ് നിങ്ങൾ ഇപ്പോൾ കണ്ടു കൊണ്ടിരിക്കുന്നത്. നിങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ പ്ലേഗും ഭൂകമ്പങ്ങളും ഞാൻ ജാഗ്രദർശനലോകത്ത് (കശ്ഫിൽ) 25 വർഷമായി കണ്ടു കൊണ്ടിരിക്കുകയാണ്. ഈ എല്ലാ അറിയിപ്പുകളും എനിക്ക് അല്ലാഹു മുൻകൂട്ടി അറിയിച്ചുതന്നിട്ടില്ലായെങ്കിൽ ഞാൻ ഒരു വ്യാജവാദിയാണ്. എന്നാൽ, ഈ അറിയിപ്പുകളെല്ലാം 25 വർഷമായി എന്റെ ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടുകിടക്കുന്നതും, അവയുടെ പുലർച്ചയെ സംബന്ധിച്ച് മുമ്പേതന്നെ ഞാൻ നിരന്തരം അറിയിച്ചു കൊണ്ടിരുന്നിട്ടുള്ളതുമാകുന്നു.[5] അതിനാൽ, അല്ലാഹുവിന്റെ ആക്ഷേപത്തിന് പാത്രമാകാതിരി ക്കാൻ വേണ്ടി നിങ്ങൾ അവനെ ഭയപ്പെടേണ്ടതാണ്. 1905 ഏപ്രിൽ 4-ലെ ഭൂകമ്പത്തെ സംബന്ധിച്ച പ്രവചനം ഒരു വർഷം മുമ്പേ ഞാൻ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നുവെന്ന കാര്യം നിങ്ങൾക്ക് അറിവുള്ള തല്ലേ. അതിൽ '**ഭൂകമ്പത്തിന്റെ ശക്ത മായ ആഘാതം**' എന്ന വാക്ക് മാത്രമല്ല

عفت الدّيار محلها و مقامها

അതായത് പഞ്ചാബിലെ ചില ഭാഗങ്ങളിലുള്ള കെട്ടിടങ്ങൾ നിശ്ശേഷം നശിച്ചൊടുങ്ങുമെന്നുള്ള ദൈവികവെളിപാടും ഉണ്ടായിരുന്നു. ആ പ്രവചനം എത്ര വ്യക്തമായ നിലയിലാണ് പൂർത്തിയായിരിക്കുന്നതെന്ന വസ്തുത ഇപ്പോൾ എനിക്ക് എഴുതേണ്ട ആവശ്യമില്ല. ഇതിനുശേഷം ആ ഏപ്രിൽ മാസത്തിൽത്തന്നെ അല്ലാഹുവിന്റെ വെളിപാടുമുഖേന ഞാൻ മറ്റൊരു പ്രവചനവും പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതായത്, 1905 ഏപ്രിൽ 4-ന് വസന്തകാലത്തിൽ സംഭവിച്ചതുപോലുള്ള മറ്റൊരു ഭൂകമ്പം വസന്തകാലത്തിൽ ത്തന്നെ സംഭവിക്കുന്നതാ യിരിക്കുമെന്നുള്ളതാണത്. അതിനുമുമ്പേ അത് സംഭവിക്കു

---

ക്കുന്നതാകുന്നു എന്നാണ്. അല്ലാതെ നേരിട്ടൊരിക്കലും സിദ്ധിക്കുകയില്ല.

(5) അതികഠിനമായ ഈ ഭൂകമ്പങ്ങളെപറ്റിയുള്ള വിവരങ്ങൾ, എന്റെ ഗ്രന്ഥമായ ബറാഹീനെ അഹ്മദിയ്യായിൽ 25 വർഷം മുമ്പേ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കയില്ല. 1906 ഫെബ്രുവരി 25 വരെ ആ ഭൂകമ്പം തീർച്ചയായും ഉണ്ടാവുകയില്ല. അങ്ങനെ 11 മാസംവരെ ഒരു ഭൂകമ്പവും ഉണ്ടായില്ല. 1906 ഫെബ്രുവരി 25-ാം തീയതി കഴിഞ്ഞപ്പോൾ 1906 ഫെബ്രുവരി 27-ന് രാത്രി ഒരു മണിക്ക്, വസന്തകാലത്തിന്റെ കൃത്യം മധ്യത്തിൽത്തന്നെ അതിശക്തമായ ഭൂകമ്പം സംഭവിക്കുകയുണ്ടായി. ഇത് 1905 എപ്രിൽ 4-ന് ഉണ്ടായ ഭൂകമ്പത്തിന് തുല്യമായിരുന്നുവെന്ന് സിവിൽ പോലുള്ള ഇംഗ്ലീഷ് ദിനപത്രങ്ങൾക്ക് സമ്മതിക്കേണ്ടതായിവന്നു. രാംപൂർ പട്ടണത്തിലെ ശിംലായിലും മറ്റ് ഒട്ടനവധി സ്ഥലങ്ങളിലും ജീവജാലങ്ങൾക്കും കെട്ടിടങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിച്ചു.

پھر بہار آئی خدا کی بات پھر پوری ہوئی۔

**വീണ്ടും വസന്തം വന്നു. അല്ലാഹുവിന്റെ വചനം പിന്നേയും പൂർത്തിയായി**[6] എന്ന് അല്ലാഹു വെളിപാടു മുഖേന പതിനൊന്നു മാസം മുമ്പേ അറിയിച്ചുതന്നിരുന്ന അതേഭൂകമ്പം തന്നെയായിരുന്നു ഇത്. ആയതിനാൽ ഇതനുസരിച്ച് വസന്തകാലത്തിൽത്തന്നെ ഈ ഭൂകമ്പം ഉണ്ടായി. ഇത്രയും സ്പഷ്ടമായ രീതിയിൽ പ്രവചനം ചെയ്യാൻ അല്ലാഹുവിനല്ലാതെ മറ്റാർക്കാണ് കഴിയുകയെന്ന് നിങ്ങളൊന്ന് ചിന്തിച്ചുനോക്കുക. പതിനൊന്നു മാസംവരെ ഭൂമിയെ താങ്ങിനിറുത്തി, 1906 ഫെബ്രുവരി 25-നു ശേഷം ശക്തമായ പ്രകമ്പനത്തിലൂടെ അതിനെ ഇളക്കാൻ എന്റെ കരങ്ങളിലല്ലല്ലോ ഭൂമിയുടെ തട്ടുകൾ ഉണ്ടായിരുന്നത്? അല്ലയോ മിത്രങ്ങളേ, ഈ രണ്ടു ഭൂകമ്പവും നിങ്ങൾ നിങ്ങളുടെ നയനങ്ങൾകൊണ്ട് ദർശിച്ചിരിക്കുന്നതിനാൽ ഭാവിയിൽ സംഭവിക്കാൻ പോകുന്ന അഞ്ച്

(6) കഷ്ടമെന്ന് പറയട്ടെ, ശത്രുതാമനോഭാവം വെച്ചുപുലർത്തുന്ന ചില മൗലവിമാർ ദുഃശാഠ്യത്താൽ സുവ്യക്തമായ ഈ പ്രവചനത്തിന്റെമേൽ പൊടിയിടാൻ ആഗ്രഹിക്കുകയാണ്. അവർ ജനങ്ങളെ വഞ്ചിക്കാൻ വേണ്ടി പറയുന്നത്, ഭാവിയിലെ ഭൂകമ്പത്തെപറ്റി അത് ഖിയാമത്തുന്നാളിന്റെ പ്രതീകമായിരിക്കുമെന്ന് പറയപ്പെട്ടിരിക്കുന്നുവെങ്കിലും ഈ ഭൂകമ്പം ഖിയാമത്തുന്നാളിന്റെ പ്രതീകമല്ല എന്നാണ്. ഇതിന് 'വ്യാജം പറയുന്നവരിൽ അല്ലാഹുവിന്റെ ശാപം ഉണ്ടാകട്ടെ' എന്ന ഒറ്റ മറുപടിയല്ലാതെ എന്തു പറയാനാണ്. വളരെ അധികം ഭൂകമ്പങ്ങൾ സംഭവിക്കുമെന്ന പ്രവചനം അടിക്കടി എന്റെ ലഘുലേഖകളിലും, പ്രസിദ്ധീകരണങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒന്ന് ഖിയാമത്തിന്റെ മാതൃകയായിരിക്കും. അതായത്, അതിൽ അധികം ജീവനും നഷ്ടം ഉണ്ടാകും. എന്നാൽ 1905 ഏപ്രിൽ 4 ലെ ഭൂകമ്പം വസന്തത്തിൽ സംഭവിച്ചതുപോലെ മറ്റൊരു

ഭൂകമ്പത്തെ സംബന്ധിച്ചുള്ള വെളിപാട് നിരർത്ഥകമല്ലെന്ന കാര്യം നിങ്ങൾക്ക് മനസ്സിലാക്കാൻ വളരെ എളുപ്പമാണ്. അതുപോലെതന്നെ ഏപ്രിൽ മാസത്തിൽ സംഭവിച്ച രീതിയിലുള്ള ഒരു ഭൂകമ്പം 11 മാസം വരെ വരികയില്ലെന്നും, മറിച്ച് 1906 ഫെബ്രുവരി 25-നു ശേഷം കൃത്യം വസന്തത്തിൽത്തന്നെ അത് സംഭവിക്കുമെന്നും വിശ്വസിക്കുക മാനുഷികശക്തിക്കതീതമായിരുന്നുവെന്ന് നിങ്ങൾക്ക് മനസ്സിലാക്കാവുന്നതാണ്. ഇപ്രകാരം അല്ലാഹുവിന്റെ അസ്തിത്വത്തെ അംഗീകരിക്കാത്തവരെ അത് അംഗീകരിക്കുന്നതിലേക്ക് വലിച്ചടുപ്പിക്കുന്നതിനായി അഞ്ച് ശക്തമായ ഭൂകമ്പം ഇതിനു ശേഷം വരുമെന്നും, അവയിലൂടെ അല്ലാഹു തന്റെ മുഖത്തിന്റെ വർണ്ണപൊലിമ കാണിക്കുമെന്നും വിശ്വസിക്കുക എന്നതും മാനുഷികശക്തിക്കതീതമാണ്. ഇതിനുശേഷം സമാധാനം ഉണ്ടാകുന്നതാണ്. ലോകം അതിന്റെ സാധാരണാവസ്ഥയിലേക്ക് തിരിച്ചുവരികയും ചെയ്യും. പിന്നെ ഇങ്ങനെയുള്ള ഭൂകമ്പങ്ങൾ ഒരു നിശ്ചിത കാലംവരെ ഒരിക്കലും വരികയില്ല. ഭൂമിശാസ്ത്രത്തെപ്പറ്റി അഗാധജ്ഞാനമുള്ള ഒരാൾക്കുപോലും ഇത്ര വ്യക്തമായും വിശദമായും ഇപ്രകാരം പറയുക അസാധ്യമാണെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. മറിച്ച് ഈ രഹസ്യങ്ങൾ ആകാശഭൂമികളുടെ നാഥനായ അല്ലാഹു എല്ലാവർക്കും അറിയിച്ചുകൊടുക്കാതെ തന്റെ ശ്രേഷ്ഠരായ പ്രവാചകന്മാർക്ക് മാത്രമേ അറിയിച്ചുകൊടുക്കുകയുള്ളു. ഇതുകൊണ്ടുദ്ദേശിക്കുന്നത്, ജനങ്ങൾ നിഷേധാത്മക പ്രവർത്തനങ്ങളിൽ അകപ്പെടാതെ അവർ വിശ്വസിക്കുകയും അങ്ങനെ നരകശിക്ഷയിൽനിന്ന് മുക്തിനേടുകയും ചെയ്യുക എന്നുള്ളതാകുന്നു. അതിനാൽ നിങ്ങളുടെ മരണം വഴികേടിലാകാതിരിക്കാനും നിങ്ങളുടെമേൽ ന്യായ

---

ഭൂകമ്പം വസന്തത്തിൽ സംഭവിക്കും. ഇതിനെ സംബന്ധിച്ചവെളിപാട് ഇപ്രകാരം ആയിരുന്നു: 'പിന്നെവസന്തം വന്നു. അല്ലാഹുവിന്റെ വചനം ഒരിക്കൽ കൂടി പൂർത്തിയായി.' 1906 ഫെബ്രുവരി 28ലെ ഭൂകമ്പം കൃത്യം വസന്തത്തിൽ തന്നെയാണ് വന്നത്. അതിൽ 8 ആളുകൾ മരിക്കുകയും 19 പേർക്ക് പരിക്കുപറ്റുകയും നൂറുകണക്കിന് ഭവനങ്ങൾ നിലം പൊത്തുകയും ചെയ്തു. ഈ ഭൂകമ്പത്തെപറ്റി 1906 മാർച്ച് 16-ലെ പൈസ എന്ന പത്രം അഞ്ചാം പേജിൽ മൂന്നാമത്തെ കോളത്തിൽ എഴുതി, 1906 ഫെബ്രുവരി 28ന് രാത്രി സംഭവിച്ച ഭൂകമ്പത്തിൽ അമ്പാല ജില്ലയിലെ ജഗാധരി താലൂക്കിൽ സ്ഥിതിചെയ്യുന്ന ദോധാപൂർ എന്ന സ്ഥലത്ത് ഉറങ്ങിക്കിടന്നിരുന്ന എല്ലാവരും മരിച്ചുപോയി. മൂന്നുപേർ മാത്രമാണ് രക്ഷപ്പെട്ടത്. കൂടാതെ സഹാരൺപൂർ ജില്ലയിൽ ഒരു ഉണങ്ങി വരണ്ട കിണറിൽ ഭൂകമ്പത്തിന്റെ രാത്രി വെള്ളം നിറഞ്ഞുവരികയും ചെയ്തു.

പൂർത്തി വരുത്താനുംവേണ്ടി അഞ്ച് ഭൂകമ്പത്തെ സംബന്ധിച്ച പ്രവചനം ഇന്നു ഞാൻ ആകാശ ഭൂമികളെ സാക്ഷിയാക്കി ക്കൊണ്ട് വളരെ വ്യക്തമായി വിവരിച്ചിരിക്കുന്നു.

അല്ലയോ മിത്രങ്ങളേ, നിങ്ങൾ അല്ലാഹുവിനോട് പോരടിക്കരുത്. ആ പോരാട്ടത്തിൽ നിങ്ങൾ ഒരിക്കലും വിജയം വരിക്കുകയില്ല. അല്ലാഹുവിൽനിന്നുള്ള ഒരു പ്രവാചകൻ വരുന്നതുവരെ ഒരു സമൂഹത്തിന്മേലും അവൻ കഠിനമായ ശിക്ഷ ഇറക്കാറില്ല. ഒരിക്കലും, അപ്രകാരം അവൻ ചെയ്തിട്ടുമില്ല. അതായത് അവനാൽ അയക്കപ്പെട്ടവൻ അവരിൽ പ്രത്യക്ഷപ്പെടാത്തതുവരെ. ആയതിനാൽ അല്ലാഹുവിന്റെ സനാതനമായ നിയമങ്ങളിൽ നിന്ന് നിങ്ങൾ പ്രയോജനം കൈക്കൊള്ളുക. **റമസാൻ മാസത്തിൽ ആകാശത്ത് സൂര്യ ചന്ദ്രഗ്രഹണങ്ങൾ നിങ്ങളുടെ കൺമുമ്പാകെ പ്രത്യക്ഷ പ്പെട്ടതും, ഭൂമിയിൽ പ്ലേഗ് പടർന്നുപിടിച്ചതും, ഭൂകമ്പങ്ങൾ ഉണ്ടായതും ആർക്കുവേണ്ടിയാണോ, ആ വ്യക്തിയാരാ ണെന്ന് നിങ്ങൾ അന്വേഷിക്കുക. ഈ പ്രവചനങ്ങൾ പുലരു ന്നതിനു മുമ്പേതന്നെ അവ നിങ്ങളെ കേൾപ്പിച്ചതും, താൻ മസീഹ് മൗഊദാണെന്ന് വാദമുന്നയിച്ചതും ആരാണ്? ആ വ്യക്തി നിങ്ങളിൽ ജീവിച്ചിരിക്കുന്ന ആളാണോയെന്ന് നിങ്ങൾ അന്വേഷിക്കുക. അതേ, ഈ സംസാരിച്ചു കൊണ്ടിരിക്കുന്ന വ്യക്തി തന്നെയാണ് അയാൾ.**

وَلَا تَايْئَسُوْا مِنْ رَّوْحِ اللّٰهِ اِنَّهٗ لَا يَايْئَسُ
مِنْ رَّوْحِ اللّٰهِ اِلَّا الْقَوْمُ الْكٰفِرُوْنَ

**അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. അവിശ്വാസി കളായ ജനതയല്ലാതെ അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിരാശപ്പെടുകയില്ല. (12:88)**

ഞാൻ ഈ പ്രബന്ധം ഇവിടെവച്ച് അവസാനിപ്പിച്ച തായിരുന്നു. എന്നാൽ, ഇന്ന് 1906 മാർച്ച് 15-ാം തിയ്യതി, വ്യാഴാഴ്ച പ്രഭാത സമയത്ത് ഇപ്രകാരം ഇൽഹാമുണ്ടായി.

خدا نکلنے کو ہے

**അല്ലാഹു പുറപ്പെടാൻ പോകുകയാണ്.**

انت منّي بمنزلة بروزي ــ وعد الله انّ وعد الله لا يبدّل

അതായത്, അല്ലാഹു ഈ അഞ്ച് ഭൂകമ്പം കൊണ്ടുവരുന്നതിലൂടെ തന്റെ ശക്തി ആധിപത്യത്തെ പ്രകടമാക്കുന്നതും, തന്റെ അസ്തിത്വത്തെ കാണിക്കുന്നതുമാണ്. ഞാൻ പ്രത്യക്ഷപ്പെട്ട നിലയിൽതന്നെയാണ് നീയും ഞാനുമായിട്ടുള്ള ബന്ധം നിലകൊള്ളുന്നത്. അതായത്, നിന്റെ ആഗമം എന്റെ ആഗമം പോലെതന്നെയായിരിക്കും. അഞ്ച് ഭൂകമ്പത്തോടുകൂടി അല്ലാഹു സ്വയം, തന്നെ വെളിപ്പെടുത്തുക, എന്നത് അവന്റെ വാഗ്ദാനമാകുന്നു. അല്ലാഹുവിന്റെ വാഗ്ദാനം ഒരിക്കലും മാറ്റപ്പെടുകയില്ല. തീർച്ചയായും അത് പുലരുകതന്നെ ചെയ്യുന്നതാണ്.

പ്രവചനങ്ങൾ രണ്ടുതരത്തിലുണ്ടെന്നകാര്യം ശ്രദ്ധേയമാണ്. ഒന്ന്, ശിക്ഷ നല്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള '**വഈദ്**' അതായത് താക്കീതുപരമായ പ്രവചനങ്ങൾ. അല്ലാഹുവിൽ നിന്ന് ഇത്തരം പ്രവചനങ്ങൾ ഉണ്ടാകുമ്പോൾ, അത് ഭയം, പശ്ചാത്താപം, പാപപൊറുതിതേടൽ അല്ലെങ്കിൽ ദാനധർമ്മങ്ങൾ, പ്രാർത്ഥന എന്നിവ മുഖേന നീങ്ങിപോകുന്നതാണ്. ഉദാഹരണമായി യൂനുസുനബി ചെയ്ത പ്രവചനം പുലരാതെ നീങ്ങിപ്പോയതുപോലെ. അതായത്, 40 ദിവസത്തിനുള്ളിൽ നിന്റെ സമുദായത്തിനുമേൽ ശിക്ഷ ഇറങ്ങുമെന്ന് താക്കീതെന്നോണം യൂനുസുനബിയോട് പറയപ്പെട്ടിരുന്നു. ഒരുതരത്തിലുള്ള ഉപാധിയുമില്ലാത്ത പ്രവചനം തന്നെയായിരുന്നു അത്. എന്നിട്ടും, യൂനുസിന്റെ സമുദായം പശ്ചാത്തപിക്കുകയും, പാപമോചനത്തിനായി കേഴുകയും, അവരുടെ ഹൃദയം ഭയപ്പെടുകയും ചെയ്തപ്പോൾ ആ ശിക്ഷ ഇറക്കാതെ അല്ലാഹു തടഞ്ഞുവെച്ചു. അങ്ങനെ ആ ഖണ്ഡിത പ്രവചനം നീങ്ങിപ്പോയി. അക്കാരണത്താൽ യൂനുസ് നബിക്ക് വളരെയധികം വിഷമതകൾ അഭിമുഖീകരിക്കേണ്ടിവന്നു. കൂടാതെ, ഒരു വ്യാജവാദിയായിക്കൊണ്ട് തന്റെ സമൂഹത്തിൽ വീണ്ടും മുഖം കാണിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. താക്കീതുപരമായ പ്രവചനങ്ങൾ പശ്ചാത്താപം(തൗബ), ക്ഷമായാചനം (ഇസ്തിഗ്ഫാർ) അല്ലെങ്കിൽ ദാനധർമ്മങ്ങൾ (സദ്ഖ) മുഖേന നീങ്ങിപ്പോകുമെന്നത് ഏതെങ്കിലും വിഭാഗമോ, സമൂഹമോ, നിഷേധിക്കാത്ത സുവ്യക്തമായ കാര്യമാകുന്നു. കാരണം

തൗബ, ഇസ്തിഗ്ഫാർ, സദ്ഖ എന്നിവ മുഖേന ആപത്ത് നീങ്ങിപ്പോകുമെന്നത് സർവ്വപ്രവാചകന്മാരും ഏകാഭിപ്രായ ത്തോടെ അംഗീകരിച്ച വസ്തുതയാണ്. ഇപ്പോൾ ഒരു കാര്യം വ്യക്തമായി, അതായത് ആരുടെയെങ്കിലും മേൽ ഒരാപത്ത് ഇറക്കാൻ അല്ലാഹു ഉദ്ദേശിക്കുകയും, അത് സംഭവിക്കുന്നതിനു മുമ്പേ ഒരു പ്രവാചകന് അതിനെ സംബന്ധിച്ച് അറിവ് നല്കപ്പെടുകയുമാണെങ്കിൽ അതിനെ താക്കീതുപരമായ പ്രവചനമെന്ന് പറയുന്നു. എന്നാൽ, ഏതെങ്കിലും പ്രവാചകന് അത് സംഭവിക്കുന്ന സമയത്തിനു മുമ്പേ അതിനെ സംബന്ധിച്ച് അറിവ് നല്കപ്പെടുന്നില്ലെങ്കിൽ അത് അല്ലാഹുവിന്റെ ഗോപ്യമായ ഒരു തീരുമാനം മാത്രമായിരിക്കും. ഡപ്യൂട്ടി അബ്ദുല്ല ആഥിം 15 മാസക്കാലയളവിൽ മരിക്കാതെ, കുറച്ചുമാസങ്ങൾ കഴിഞ്ഞശേഷമാണ് മരണപ്പെട്ടതെന്ന് പറഞ്ഞു കൊണ്ട് എന്നെ ആക്ഷേപിക്കുന്ന അജ്ഞരായ ഈ മൗലവിമാരുടെ തനിനിറം ഇപ്പോൾ എപ്രകാരമാണ് വെളിപ്പെട്ടിരിക്കുന്നത്. അത് താക്കീതുപരമായ ഒരു പ്രവചന മായിരുന്നു എന്നവർക്ക് അറിയില്ലേ? യൂനുസിന്റെ പ്രവചനം പോലെ അത് ഖണ്ഡിതം മാത്രമായിരുന്നില്ല, മറിച്ച് **സത്യത്തിലേക്ക് മടങ്ങുന്നില്ലെങ്കിൽ** എന്ന വാക്ക് നിബന്ധ നയെന്നോണം ആ പ്രവചനത്തിൽ ഉൾപ്പെട്ടിരുന്നു എന്ന കാര്യം അവർക്ക് അറിയാവുന്നതല്ലേ? അതായത്, അദ്ദേഹത്തിന്റെ ഹൃദയം സത്യത്തിലേക്ക് മടങ്ങിയിട്ടില്ലാത്ത അവസ്ഥയിൽ 15 മാസത്തിനുള്ളിൽ അദ്ദേഹം മരിച്ചുപോകുന്നതാണ്. എന്നാൽ, ഈ പ്രവചനം കേൾപ്പിക്കപ്പെട്ട അതേ സദസ്സിൽ വെച്ചുതന്നെ അദ്ദേഹം ഭയപ്പെടുകയും, സത്യത്തിലേക്ക് തിരിച്ചുവരികയും ചെയ്തിട്ടുണ്ടായിരുന്നുവെന്നത് ക്രിസ്തീയ സാക്ഷ്യങ്ങളിലൂടെ സ്ഥിരീകരിക്കപ്പെട്ട വസ്തുതയാകുന്നു. കാരണം ഡോക്ടർ മാർട്ടിൻ ക്ലാർക്കിന്റെ വസതിയിൽ വെച്ചുനടന്ന മുഖാമുഖ വാദപ്രതിവാദത്തിന്റെ പരമ്പര അവസാനിച്ചതിനുശേഷം, ഏകദേശം അറുപത്, എഴുപത് വരുന്ന ക്രിസ്ത്യാനികളും മുസ്ലീംകളുമായ സാക്ഷികളുടെ സാന്നിധ്യത്തിൽ ഞാൻ ഇപ്രകാരം ഉറക്കെ പറഞ്ഞു, അതായത് നിങ്ങൾ, നിങ്ങളുടെ ഇന്ന പുസ്തകത്തിൽ ഞങ്ങളുടെ നബി(സ)യുടെ പേര്, ദജ്ജാൽ എന്ന് എഴുതിയിരിക്കുന്നതിനാൽ, നിങ്ങൾ സത്യത്തി ലേക്ക് തിരിയാത്ത പക്ഷം 15 മാസത്തിനുള്ളിൽ അല്ലാഹു

നിങ്ങളെ നശിപ്പിച്ചുകളയാൻ തീരുമാനിച്ചിരിക്കുന്നു. ഈ പ്രവചനം കേട്ടമാത്രയിൽ അദ്ദേഹം ഭയപ്പെടുകയും, വിളർത്ത് മഞ്ഞളിക്കുകയും, അദ്ദേഹത്തിന്റെ ശരീരം ഭയംകൊണ്ട് വിറക്കുകയും ചെയ്തു. തദനന്തരം അദ്ദേഹം തന്റെ നാവ് പുറത്തേക്കിടുകയും തന്റെ കാതുകൾ ഇരുകൈകളും കൊണ്ട് പിടിച്ച് മാപ്പ് ഇരക്കുന്നവരുടെ രൂപഭാവത്തെ പ്രകടിപ്പിച്ചു കൊണ്ട്, താൻ ഒരിക്കലും നബി(സ)യെ ദജ്ജാൽ എന്നു വിളിച്ചിട്ടില്ലെന്ന് പറയുകയും ചെയ്തു. ആ സമയത്ത് ആ സദസ്സിൽ ഏകദേശം മുപ്പതിലധികം ക്രിസ്തീയ സഹോദരന്മാർ ഉണ്ടായിരുന്നു വെന്നതാണ് എന്റെ നിഗമനം. അവരിലൊരാളായി രുന്ന ഡോക്ടർ മാർട്ടിൻ ക്ലാർക്ക് ഇന്നും ജീവിച്ചിരിപ്പുണ്ട്. സത്യം ചെയ്തുകൊണ്ട് ഈ കാര്യത്തെപ്പറ്റി അദ്ദേഹത്തോട് ആരായുകയാണെങ്കിൽ അദ്ദേഹം ഈ സംഭവത്തെ മറച്ചു വെക്കുമെന്നോ അല്ലെങ്കിൽ ഇതിന്നെതിരെ സംസാരിക്കുമെന്നോ ഞാൻ പ്രതീക്ഷിക്കുന്നില്ല. പിന്നെ ഇതിനെല്ലാം പുറമെ, ഈ പ്രവചനം കേട്ടമാത്രയിൽ ഡപ്യൂട്ടി അബ്ദുള്ള ആഥിമിന്റെ ഹൃദയത്തിൽ കഠിനമായ പരിഭ്രമവും, വേവലാതിയും, അനുഭവപ്പെടുകയും പ്രവചനത്തിന്റെ പ്രഭാവം നിമിത്തം അയാൾ ഒരു ഭ്രാന്തനെപ്പോലെയായിത്തീരുകയും, അധിക സമയവും അദ്ദേഹം കരഞ്ഞു കൊണ്ടിരിക്കുകയും ചെയ്തി രിന്നുവെന്നത് സ്ഥിരീകരിക്കപ്പെട്ട വസ്തുതയാകുന്നു. പിന്നെ വളരെ കുറച്ച് മാസങ്ങൾക്കുശേഷം മരിക്കുന്നതുവരെ അദ്ദേഹം ഇസ്ലാമിന്നെതിരിൽ ഒരുവരിപോലും പ്രസിദ്ധീകരിച്ചിട്ടില്ല. പ്രവചനത്തിലെ നിബന്ധനയനുസരിച്ച്, തന്റെ ഹൃദയം സത്യത്തിലേക്ക് തിരിഞ്ഞിട്ടില്ലെന്ന് അദ്ദേഹം സത്യം ചെയ്ത് പറയുകയാണെങ്കിൽ ആ സത്യം ചെയ്യലിനുശേഷം നാലായിരം രൂപ ഇനാമായി അദ്ദേഹത്തിന് നല്കാമെന്ന് ഞാൻ വാഗ്ദാനം ചെയ്യുകയും, അക്കാര്യം ഞാൻ നിരന്തരം ലഘു ലേഖകളിലൂടെ നിഷേധിക്കാൻ കഴിയാത്തവിധം അദ്ദേഹത്തെ ബോധ്യപ്പെടു ത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ, തന്റെ മതത്തിൽ സത്യം ചെയ്യൽ നിരോധിച്ചിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട്, ക്രിസ്ത്യാനി കളുടെ നിർബന്ധത്തിനു വഴങ്ങാതെ അദ്ദേഹം സത്യം ചെയ്യുന്നതിൽനിന്ന് ഒഴിഞ്ഞുമാറുകയാണ് ഉണ്ടായത്. പത്രോസും പൗലോസും സ്വയം യേശുവും സത്യം ചെയ്തതായിട്ടാണ് ഇഞ്ചീലിൽ (പുതിയനിയമം)നിന്ന്

വ്യക്തമാകുന്നത്. പിന്നെ എന്തുകൊണ്ടാണ് സത്യം ചെയ്യൽ നിരോധിക്കപ്പെട്ടിരിക്കുന്നത്? കോടതികളിൽ ഇപ്പോഴും ക്രിസ്തീയ സാക്ഷികൾ സത്യം ചെയ്യാറുണ്ട്. ക്രിസ്ത്യാനികൾക്ക് പ്രത്യേകരീതിയിലുള്ള സത്യവും, മറ്റുള്ളവർക്ക് കുറ്റസമ്മതവുമാണ് നിലനില്ക്കുന്നത്. ചുരുക്കത്തിൽ ഇങ്ങനെ തന്ത്രങ്ങളും ന്യായങ്ങളും മെനഞ്ഞിട്ടും എന്റെ ലഘുലേഖകളിൽ ഞാൻ പറഞ്ഞതനുസരിച്ച് മരണത്തിൽ നിന്ന് രക്ഷപ്രാപിക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. എന്റെ അവസാനത്തെ ലഘുലേഖ പ്രസിദ്ധീകരിച്ച് കുറച്ചു മാസങ്ങൾക്കു ശേഷം അയാൾ മരണപ്പെടുകയും ചെയ്തു. ആ നാളുകളിൽത്തന്നെ അദ്ദേഹത്തിന് മരണരോഗം പിടിപെട്ട് കഴിഞ്ഞിട്ടുണ്ടായിരുന്നു.

വിശുദ്ധഖുർആനും, ഹദീസും പഠിച്ചതിനുശേഷം അത് നിഷ്ഫലമാക്കിക്കളഞ്ഞ നമ്മുടെ എതിരാളികളായ മൗലവിമാരുടെ ആക്ഷേപങ്ങൾ ഇവയൊക്കെയാകുന്നു. **വഈദ്** അഥവാ താക്കീത് പരമായിട്ടുള്ള പ്രവചനങ്ങളും, **വഅദ** അഥവാ വാഗ്ദാന പരമായിട്ടുള്ള പ്രവചനങ്ങളും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് ഇവർക്ക് ഇതുവരെ മനസ്സിലായിട്ടില്ല. 'ദുർറെ മൻസൂറിൽ' സവിസ്തരം രേഖപ്പെട്ടുകിടക്കുന്ന യൂനുസുനബിയുടെ കഥയും ഇവർക്കിപ്പോഴും അജ്ഞാതമാണ്. ഇവരുടെ ഉദ്ദേശ്യം ശുദ്ധമല്ലാത്തതുകൊണ്ട് ആക്ഷേപം ഉന്നയിക്കുമ്പോൾ, എന്നിൽ നിന്നും പ്രത്യക്ഷമായി പുലർന്നിരിക്കുന്ന പതിനായിരക്കണക്കിലധികം പ്രവചനങ്ങളെക്കുറിച്ച് ഇവർക്ക് ഓർമ്മയുണ്ടാകുന്നില്ല. അവയെല്ലാം അല്ലാഹു അരുൾചെയ്ത പ്രകാരംതന്നെ പ്രകടമായിരിക്കുന്നു. ഏതെങ്കിലും വ്യക്തിയുടെ ശിക്ഷയുമായി ബന്ധപ്പെട്ട, താക്കീതായിട്ടുള്ള വല്ല പ്രവചനവും അതിന്റെ പൂർത്തീകരണസമയത്തിന് മുൻപേതന്നെ നീങ്ങിപ്പോയിട്ടുണ്ടെങ്കിൽ അതിനെതിരെ ആരവം മുഴക്കുന്നവർക്ക് അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിൽ വിശ്വാസമില്ലെന്നാണ് തെളിയുന്നത്. എന്നെ ആക്രമിക്കാനുള്ള ആവേശത്തിൽ സകല പ്രവാചകന്മാരേയും അവർ ആക്രമിക്കുന്നു. ഡപ്യൂട്ടി അബ്ദുല്ലാ ആഥിം 15 മാസത്തിനുള്ളിൽ മരിച്ചില്ലെങ്കിൽപോലും കുറച്ചുമാസങ്ങൾക്കു ശേഷം എന്റെ ജീവിതകാലത്തുതന്നെ മരിച്ചുപോയ കാര്യം ഈ സാധുക്കൾക്ക് അറിയില്ലേ?

സത്യവാദിയുടെ ജീവിതകാലത്ത് തന്നെ കള്ളവാദി മരിച്ചുപോകുമെന്ന കാര്യം പ്രവചനത്തിൽ വ്യക്തമായും രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. ക്രിസ്തുമതം സത്യമാണെന്ന് അദ്ദേഹം വാദിച്ചപ്പോൾ ഇസ്‌ലാം സത്യമതമാകുന്നുവെന്ന് ഞാനും വാദിച്ചു. ആയതിനാൽ എന്റെ ജീവിതത്തിൽത്തന്നെ ദൈവം അദ്ദേഹത്തെ നശിപ്പിച്ചുകൊണ്ട് എന്നെ സത്യവാനാക്കി. ഈ വസ്തുതകൾ വിവരിക്കാതെ, പതിനഞ്ചു മാസക്കാലയളവിനെ നിരന്തരം എടുത്തു കാണിക്കുന്നതാണോ, ഈ മൗലവിമാരുടെ സത്യസന്ധത? ശിക്ഷയെ സംബന്ധിച്ച ഖണ്ഡിതമായ പ്രവചനമായിരുന്നു യൂനുസ് നബിയുടേത്. അതായത് 40 ദിവസത്തിനുള്ളിൽ എന്തുതന്നെയായാലും ആ സമുദായത്തിൽ ശിക്ഷ ഇറങ്ങുകതന്നെ ചെയ്യുമെന്ന് അറിയിക്കപ്പെട്ടിട്ടുണ്ടായിരുന്നു. എന്നാൽ, ആ ശിക്ഷ അവരിൽ ഇറങ്ങിയില്ല. കൂടാതെ അവരിൽ അധികമാളുകളും ജീവിച്ചിരിക്കെ യൂനുസു നബി മരിച്ചുപോവുകയും ചെയ്തുവെന്ന കാര്യം ചിന്തിക്കുന്നില്ലേ? അഹോ കഷ്ടം! യാതൊരു നിബന്ധനയും ഇല്ലാതെ വ്യക്തമായ സമയവും, മരണരീതിയും നിർണ്ണയിച്ചുകൊണ്ട് ലേഖ്റാമിനെ സംബന്ധിച്ച് ചെയ്ത പ്രവചനം ആഥമിന്റെ സംഭവത്തിനുശേഷം എത്ര സ്പഷ്ടമായ നിലയിലാണ് പുലർന്നതെന്ന് ഉദ്ദേശ്യശുദ്ധിയോടെ ഇവർ ഒന്ന് ചിന്തിച്ചാൽത്തന്നെ മതിയായിരുന്നു. എന്നാൽ, വൈരാഗ്യംമൂലം ഹൃദയത്തിൽ അന്ധത ബാധിച്ചാൽപ്പിന്നെ ആർക്കാണ് ചിന്തിക്കാൻ കഴിയുക? ഹൃദയത്തിൽ അല്പം നീതിനിഷ്ഠ ഉണ്ടായിരുന്നെങ്കിൽ വളരെ എളുപ്പമായ ഒരുമാർഗ്ഗം ഇവർക്ക് സ്വീകരിക്കാമായിരുന്നു. അതായത്, പുലർന്നിട്ടില്ലെന്ന് ഇവർക്ക് ആക്ഷേപമുള്ള പ്രവചനങ്ങൾ എത്രയുണ്ടോ അവ എഴുതി എന്റെ മുമ്പാകെ കൊണ്ടുവരികയും, പിന്നെ പൂർത്തിയായ പ്രവചനങ്ങൾ എത്രയുണ്ടോ, അവയെ സംബന്ധിച്ച് എന്നോട് തെളിവ് ആവശ്യപ്പെടുകയും ചെയ്തിരുന്നെങ്കിൽ, ഈ പരിശോധനയിലൂടെ സകലമറകളും നീക്കപ്പെടുമായിരുന്നു. ഭയപ്പെടുകയും പേടിക്കുകയും ചെയ്ത കാരണത്താൽ പ്രവചനപുലർച്ചയിൽ കാലതാമസം നേരിടുമെന്ന നിബന്ധനയുണ്ടായിരുന്ന ഒന്നുരണ്ട് താക്കീതുപരമായ പ്രവചനങ്ങൾ മാത്രമേ അവരുടെ പക്കൽ ആക്ഷേപത്തിന് പാത്രമായിട്ടുള്ളൂ എന്ന് ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുകയാണ്.

പശ്ചാത്താപം, ദാനധർമം, പ്രാർത്ഥന എന്നിവ മുഖേന അത്തരം പ്രവചനങ്ങൾ നീങ്ങിപ്പോകുമെന്നുള്ളത് അല്ലാഹുവിന്റെ സനാതനനിയമ മാകുന്നു. എന്നാൽ, ഇതിനുപകരമായി ലക്ഷക്കണക്കിന് മനുഷ്യർ സാക്ഷികളായി ട്ടുള്ള പതിനായിരത്തിലധികം പ്രവചനങ്ങൾ വേറെ പൂർത്തി യായിട്ടുണ്ട്. ഒരു സമുദായം മാത്രമല്ല, സർവ്വസമുദായങ്ങളും അവർ മുസ്‌ലിംങ്ങളാവട്ടെ, ഹിന്ദുക്കളാവട്ടെ, ക്രിസ്ത്യാനി കളാവട്ടെ ഇവയുടെ സത്യതയ്ക്ക് സാക്ഷ്യം പറയാൻ നിർബന്ധിതരാണ്! ലക്ഷക്കണക്കിനാളുകൾ സാക്ഷികളായി ട്ടുള്ള അതിമഹത്തായ പ്രവചനങ്ങളുടെ സമാഹാരത്തിൽനിന്ന് ഒരുതരത്തിലുള്ള പ്രയോജനവും കരസ്ഥമാക്കാതെ അവയെ തള്ളിക്കളഞ്ഞുകൊണ്ട്, അല്ലാഹുവിന്റെ സനാതന ചട്ടമനുസരിച്ച് കാലതാമസം നേരിട്ട **വഈദ്** അഥവാ ശിക്ഷയെ സംബന്ധിച്ച് മുന്നറിയിപ്പ് നല്കുന്ന ഒന്നുരണ്ടു പ്രവചനങ്ങൾ നിരന്തരം എടുത്തുകാട്ടുന്നത് യാഥാർത്ഥത്തിൽ സത്യസന്ധത യാണോ? ഇതാണ് അവസ്ഥയെങ്കിൽ, ഒരു പ്രവാചകന്റെ പ്രവാചകത്വവും നിലനില്ക്കുക സാധ്യമല്ല. കാരണം ഓരോ പ്രവാചകത്വത്തിലും ഇത്തരം സംഭവങ്ങളുടെ മാതൃകകൾ കാണാവുന്നതാണ്. അതുകൊണ്ടാണ് ഇവർ സത്യത്തിന്റേയും, ദീനിന്റേയും ശത്രുക്കളാണെന്ന് ഞാൻ പറയുന്നത്. ഇവരിൽ നിന്നൊരുവിഭാഗം ഹൃദയത്തെ പവിത്രപ്പെടുത്തിക്കൊണ്ട് എന്റെ അടുത്ത് ഇനിയും വരികയാണെങ്കിൽ, അവരുടെ അനാവശ്യവും വ്യർത്ഥവുമായ സംശയങ്ങൾക്ക് മറുപടി നല്കുവാനും, എന്റെ സത്യസാക്ഷ്യത്തിലേക്കായി എത്രയധികം പ്രവചനങ്ങളാണ് പുലർന്നിരിക്കുന്നതെന്നും, പകൽ ഉദിച്ചുയരുന്നതുപോലെ ഏതുവിധത്തിലാണ് അവയുടെ സത്യത വെളിപ്പെട്ടിരിക്കു ന്നതെന്നും കാണിച്ചുകൊടുക്കാൻ ഞാൻ ഒരുക്കമാണ്.

എന്നാൽ, അജ്ഞരായ ഈ മൗലവിമാർ അവരുടെ കണ്ണുകൾ മനഃപൂർവ്വം അടച്ചുവെക്കുകയാണെങ്കിൽ അടച്ചു കൊള്ളട്ടെ. ഇവർ മുഖേന സത്യത്തിന് എന്ത് നഷ്ടം സംഭവി ക്കാനാണ്? പക്ഷേ, ഫിർഔന്റെ പ്രകൃതത്തിലുള്ളവർ ഈ പ്രവചനങ്ങളെപ്പറ്റി ചിന്തിക്കുന്നതായാൽ മുങ്ങിപ്പോകു ന്നതിൽനിന്ന് രക്ഷപ്പെടുന്ന കാലം വിദൂരമല്ല. അല്ലാഹു പറയുന്നു: നിന്റെ സത്യതയെ ഹൃദയങ്ങളിൽ കുടിയിരുത്തു

വോളം ഞാൻ ആക്രമണങ്ങളുടെമേൽ ആക്രമണം നടത്തുന്നതാണ്.

അതിനാൽ, അല്ലയോ മൗലവിമാരെ, അല്ലാഹുവുമായി പോരടിക്കാൻ നിങ്ങൾക്ക് ശക്തിയുണ്ടെങ്കിൽ നിങ്ങൾ പോരടിച്ചുകൊള്ളുക. എനിക്ക് മുമ്പേ യഹൂദികൾ ഒരു സാധുമനുഷ്യനായ മർയമിന്റെ മകനോട് എന്തൊക്കെയാണ് ചെയ്തുകൂട്ടിയത്. എപ്രകാരമാണ് തങ്ങളുടെ ഊഹത്തിൽനിന്നുകൊണ്ട് അവർ അദ്ദേഹത്തെ കുരിശിലേറ്റിയത്. എന്നാൽ, അല്ലാഹു അദ്ദേഹത്തെ കുരിശുമരണത്തിൽനിന്ന് രക്ഷപ്പെടുത്തി. അല്ലെങ്കിൽ അദ്ദേഹം വ്യാജനും, കുതന്ത്രനുമായി ഗണിക്കപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. പക്ഷേ, ഇപ്പോൾ നാല്പതുകോടി* ജനം ദൈവമായി അംഗീകരിക്കത്തക്ക വിധത്തിൽ അദ്ദേഹത്തിന്റെ മഹത്ത്വം ഹൃദയങ്ങളിൽ ഉത്ഭൂതമാക്കപ്പെട്ടിരിക്കുന്ന ഒരു കാലവും വന്നിരിക്കുന്നു. നിസ്സഹായനായ ഒരു മനുഷ്യനെ ദൈവമാക്കിയെന്നത് അവർ ചെയ്തിരിക്കുന്ന ദൈവ നിഷേധമാണെങ്കിലും, ഇത് യഹൂദികൾക്കുള്ള ഒരു മറുപടിയാകുന്നു. അതായത്, ഏതൊരു മനുഷ്യനെയാണോ കള്ളവാദിയായി മുദ്രകുത്തി കാല്പാദത്തിന്നടിയിലിട്ട് ചവിട്ടിമെതിക്കാൻ ജനങ്ങൾ ആഗ്രഹിച്ചത്, ആ മർയമിന്റെ മകൻ യേശു ഇന്ന് നാല്പതുകോടി ജനം സാഷ്ടാംഗം ചെയ്യുംവിധം 'മഹത്ത്വ'മുള്ളവനായി ത്തീർന്നിരിക്കുന്നു. രാജാക്കന്മാരുടെ ശിരസ്സുകൾ ആ പേരിനു മുൻപിൽ കുനിയുകയും ചെയ്യുന്നു. എന്നാൽ, മർയമിന്റെ മകൻ യേശുവിനെപോലെ, ഞാൻ ശിർക്കിന്റെ വളർച്ചക്ക് മാർഗ്ഗമാക്കപ്പെടരുതെന്ന് അല്ലാഹുവിനോട് പ്രാർത്ഥിച്ചിട്ടുണ്ട്. **അല്ലാഹു അങ്ങനെതന്നെ ചെയ്യുമെന്ന് എനിക്ക് ദൃഢമായ ഉറപ്പുണ്ട്. എന്നാൽ, എനിക്ക് അധികമായി മഹത്ത്വം തന്നരുളുമെന്നും എന്റെ സ്നേഹത്തെ ഹൃദയങ്ങളിൽ കുടിയിരുത്തുമെന്നും, എന്റെ പ്രസ്ഥാനത്തെ ഭൂതലമാകമാനം പ്രചരിപ്പിക്കുമെന്നും, സർവ്വകക്ഷികളുടെയുംമേൽ അതിനെ വിജയിപ്പിക്കുമെന്നും, നിരന്തരം അല്ലാഹു എനിക്ക് സുവാർത്ത നല്കിയിട്ടുണ്ട്. കൂടാതെ എന്റെ പ്രസ്ഥാനത്തിലെ ജനങ്ങൾ തങ്ങളുടെ തെളിവുകൾ കൊണ്ടും, അടയാളം കൊണ്ടും, സത്യത്തിന്റെ പ്രകാശം**

---
* 1906 ലെ കണക്കുപ്രകാരം. വിവ:

**കൊണ്ടും സർവ്വരുടെയും വായ് കൊട്ടിയടക്കുംവിധം അറിവിലും വിജ്ഞാനത്തിലും പരിപൂർണ്ണത കരസ്ഥമാക്കുന്നതുമാണ്. എല്ലാ സമൂഹവും ഈ ഉറവിൽനിന്ന് ജലപാനം ചെയ്യുന്നതുമാണ്. ഈ പ്രസ്ഥാനം ഭൂമിയിൽ ആകമാനം പടർന്നുപന്തലിക്കുന്നതുവരെ ത്വരിതഗതിയിൽ ഇത് വളരുകയും പുഷ്പിക്കുകയും ചെയ്യുന്നതാണ്. അനവധി തടസ്സങ്ങളും പരീക്ഷണങ്ങളും നേരിടേണ്ടിവരും. എന്നാൽ, അവയെ എല്ലാം മധ്യത്തിൽനിന്ന് നീക്കിക്കളയുകയും അല്ലാഹു തന്റെ വാഗ്ദാനം പൂർത്തിയാക്കുകയും ചെയ്യുന്നതായിരിക്കും. എന്നെ സംബോധന ചെയ്തുകൊണ്ടു അല്ലാഹു പറഞ്ഞു, "രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടുമാറ് ഞാൻ നിനക്ക് അനുഗ്രഹത്തിനു മേൽ അനുഗ്രഹം തന്നരുളുന്നതാണ്."**[7]

അതിനാൽ, അല്ലയോ ശ്രോതാക്കളേ! ഇക്കാര്യങ്ങൾ ഓർമ്മിച്ചുകൊള്ളുക. ഈപ്രവചനങ്ങളെ നിങ്ങളുടെ പെട്ടികളിൽ സുരക്ഷിതമാക്കിവെക്കുക. കാരണം ഇതൊരുനാൾ പൂർത്തിയാകേണ്ട ദൈവത്തിന്റെ വചനങ്ങളാകുന്നു. ഞാൻ എന്നിൽ ഒരു നന്മയും കാണുന്നില്ല. ഞാൻ ചെയ്യേണ്ടതായിരുന്ന ജോലി ഞാൻ ചെയ്തിട്ടുമില്ല. അർഹതയില്ലാത്ത ഒരു തൊഴിലാളിയായിട്ടാണ് ഞാൻ സ്വയം മനസ്സിലാക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുമാത്രമാണ് എന്റെ കൂടെയുള്ളത്. ഒരുവിധത്തിലുള്ള വൈദഗ്ദ്യവും ഇല്ലാതിരുന്നിട്ടും ഈ വിനീതനെ ഇഷ്ടഭാജനമാക്കിയ ഖാദിറും, കരീമുമായ അല്ലാഹുവിന് ആയിരം ആയിരം നന്ദി.

عجب دارم از لطفت اے کردگار — پذیرفتی چوں من خاکسار
پسندیدگانے بجائے رسند — زما کہتران تا چہ آمد پسند
چو از قطرۂ خلق پیدا کنی
ہمیں عادت اینجا ہویدا کنی

---

(7) ജാഗ്രാവസ്ഥയിലുള്ള ആത്മീയ ദർശനത്തിൽ (കശ്ഫ്) കുതിരയിൽ യാത്ര ചെയ്തുകൊണ്ടിരുന്ന ആ രാജാക്കന്മാരെ എനിക്ക് കാണിച്ചുതന്നു. നിന്റെ അനുസരണത്തിന്റെ നുകം അവർ തങ്ങളുടെ കഴുത്തുകളിൽ ഏറ്റുന്നതാണെന്നും, അവർക്ക് അല്ലാഹു അനുഗ്രഹം ചൊരിയുമെന്നും പറയപ്പെട്ടു.

1. **എന്നെപ്പോലെയുള്ള ഒരു വിനീതനെ സ്വന്തം സന്നിധിയിൽ സ്വീകാര്യത നല്കിയനുഗ്രഹിച്ച അല്ലാഹുവേ, നിന്റെ ഇത്തരം അനുഗ്രഹത്തിൽ ഞാൻ അത്ഭുതപ്പെട്ടു പോകുന്നു.**

2. **നിന്റെ ഇഷ്ടഭാജർ തങ്ങളുടെ സ്ഥാനം കരസ്ഥമാക്കുന്നു. എന്നാൽ, ഈ നിസ്സഹായനായ എന്റെ ഏതു കാര്യമാണ് നിനക്ക് ഇഷ്ടകരമായി തോന്നിയത്.**

3. **ഒരു തുള്ളിയിൽനിന്ന് സൃഷ്ടികളെ ഉണ്ടാക്കുന്ന ആ പതിവ് ശീലത്തെയാണ് നീ ഇവിടെ പ്രകടമാക്കിയിരിക്കുന്നത്.**

ഒരുകാര്യം എഴുതാൻ വിട്ടുപോയി, അതായത്, മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ദൈവികവെളിപാടിലെ

انّ وعد الله لا يبدّل

അതായത്, 'അല്ലാഹുവിന്റെ വാഗ്ദാനം നീക്കപ്പെടുക സാധ്യമല്ല' എന്ന വാക്കുകൾ സൂചിപ്പിക്കുന്നത്, അനിവാര്യമായും അഞ്ച് ഭൂകമ്പം സംഭവിക്കേണ്ടത് അല്ലാഹുവിന്റെ ഒരു വാഗ്ദാന മാകുന്നുവെന്നതിലേക്കാണ്. എന്നാൽ, പശ്ചാത്തപിക്കുകയും, പാപപ്പൊറുതിതേടുകയും, ഇപ്പോൾ മുതൽ അല്ലാഹുവുമായി രഞ്ജിപ്പിലാകുകയും, യാതൊരുവിധത്തിലുള്ള അഹങ്കാരത്തിന്റെ അഗ്നിയും അവശേഷിക്കാത്തതുമായ വ്യക്തിയുടെ മേൽ അല്ലാഹു കരുണചൊരിയുന്നതാണ്. ആ വ്യക്തിയുടെമേൽ കരുണ ചൊരിയുന്നതിന്റെ ഫലമായി പ്രസ്തുത അഞ്ച് ഭൂകമ്പം സംഭവിക്കുകയില്ല എന്നല്ല, അത് സംഭവിക്കുകതന്നെ ചെയ്യുമെങ്കിലും ഇത്തരം വ്യക്തികൾ അതിന്റെ കെടുതികളിൽനിന്ന് സംരക്ഷിക്കപ്പെടുന്നതാണ്. കാരണം ഇത് അല്ലാഹുവിന്റെ വാഗ്ദാനമാകുന്നു. അവൻ തന്റെ വാഗ്ദാനം ലംഘിക്കാറില്ല. പക്ഷേ, ഞാൻ അല്പം മുമ്പ് വിവരിച്ചതു പോലെ, അവന്റെ ശിക്ഷയെ സംബന്ധിച്ചുള്ള മുന്നറിയിപ്പുകൾ നീങ്ങിപോകാവുന്നതാണ്. എന്നാൽ, വാഗ്ദാനം നീങ്ങിപ്പോകുകയില്ല.

എന്റെ സത്യതക്കുവേണ്ടി ഇതിനുമുമ്പേ നൂറുക്കണക്കിനു

അടയാളങ്ങൾ വ്യക്തമായരീതിയിൽ വെളിപ്പെട്ടിട്ടുണ്ട്. അവ ഏകദേശം ആയിരത്തിലധികമായിരുന്നിട്ടും, ഈ നാശകാരിയും വൻനഷ്ടങ്ങൾ വരുത്തിവെക്കുന്നതുമായ പ്ലേഗിന്റെയും ഭൂകമ്പങ്ങളുടെയും ആവശ്യം എന്തിനായിരുന്നു, ആ നൂറുക്കണക്കിനുള്ള അടയാളങ്ങൾ മതിയായിരുന്നില്ലേ, എന്ന് സ്വാഭാവികമായും തോന്നാവുന്ന ചോദ്യത്തെ സംബന്ധിച്ച് ഇവിടെ വിശദീകരിക്കുന്നത് അനുയോജ്യമായിരിക്കും.

ഈ ചോദ്യത്തിനുള്ള മറുപടി രണ്ടുരീതിയിലാണ്. ഒന്നാമത്തേത്, കാരുണ്യത്തിന്റെ അടയാളങ്ങളിൽനിന്ന് വളരെ കുറച്ചു പ്രയോജനം മാത്രമേ എടുക്കുകയുള്ളു എന്നത് മനുഷ്യ പ്രകൃതിയിൽ അന്തർലീനമായിരിക്കുന്ന ഒന്നാണ്. ഇപ്രകാരം തന്നെ ആത്മീയ സമ്പത്ത് സ്വീകരിക്കുന്നതിൽനിന്ന് എങ്ങനെയെങ്കിലും വിട്ടുനില്ക്കുന്നതിനായി രണ്ടാം തരത്തിൽ പെട്ട ചെറിയ ചെറിയ അടയാളങ്ങളെ വൈരാഗ്യം കൊണ്ട് തിരസ്ക്കരിക്കുകയും അതിനായി എന്തെങ്കിലും തന്ത്രങ്ങൾ മെനയുകയും ചെയ്യുന്നു. ആയതിനാൽ ഇവിടെയും ഇങ്ങനെത്തന്നെയാണ് സംഭവിച്ചത്. ആയിരക്കണക്കിനു അടയാളങ്ങൾ വെളിപ്പെട്ടിട്ടും ജനഹൃദയങ്ങളിൽ ഒരല്പം പോലും സ്വാധീനം ഉണ്ടായില്ല. എന്റെ ഗ്രന്ഥമായ 'നുസൂലുൽ മസീഹ്' നോക്കിയാൽ അടയാളങ്ങൾ വെളിപ്പെടുത്തുന്നതിൽ ഒരുതരത്തിലുള്ള വിവേചനവും അല്ലാഹു കാണിച്ചിട്ടില്ലായെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നതാണ്. മിത്രങ്ങൾക്കുവേണ്ടിയും, ശത്രുക്കൾക്കുവേണ്ടിയും താക്കീതെന്നോണം അടയാളങ്ങൾ പ്രകടമായി. എന്നെ സംബന്ധിച്ചും അതുപോലെതന്നെ എന്റെ സന്താനങ്ങളെ സംബന്ധിച്ചും അടയാളങ്ങൾ വെളിപ്പെട്ടു. ഭൂമിയുടെ ഒരുവലിയ ഭാഗം സമുദ്രത്താൽ നിറഞ്ഞിരിക്കുന്നതു പോലെ ഈ പ്രസ്ഥാനം അല്ലാഹുവിന്റെ അടയാളങ്ങൾകൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഏതെങ്കിലും തരത്തിലുള്ള അടയാളങ്ങൾ വെളിപ്പെടാതെ ഒരു ദിവസവും കടന്നു പോകുന്നില്ല. ഓരോ പ്രവചനവും ഏതെങ്കിലും തരത്തിലുള്ള അടയാളവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഞാൻ ഈ പുസ്തകത്തിൽ പതിനായിരം അടയാളങ്ങൾ എന്ന് എടുത്തു പറഞ്ഞിരിക്കുന്നത് ഉദാഹരണമായിട്ട് മാത്രമാണ്. അവയെല്ലാം എഴുത

പ്പെടുകയാണെങ്കിൽ ആ പുസ്തകം ആയിരം ഭാഗത്തേക്കാൾ അധികമായി വരും. തിരമാലകൾ കണക്കെ അടിക്കടി ഇത്രയധികം രഹസ്യജ്ഞാനങ്ങൾ പ്രകടമാകുകയെന്നത് ഏതെങ്കിലും വ്യാജവാദിയുടെ പ്രവർത്തനത്തിൽ സാധ്യമാണോ? ദിനംതോറും വിവിധതരത്തിലുള്ള അടയാളങ്ങൾ കാണിച്ചുകൊണ്ട് മൂഢരായ എന്റെ എതിരാളികളെ അല്ലാഹു ഇളിഭ്യരാക്കിക്കൊണ്ടിരിക്കുകയാണ്. **ഇബ്റാഹീമിനോട് സംസാരിക്കുകയും സംബോധന ചെയ്യുകയും ചെയ്തതു പോലെ, തദനന്തരം ഇസ്ഹാഖിനോടും, ഇസ്മാഈലിനോടും, യഅ്ഖൂബിനോടും, യൂസുഫിനോടും, മൂസായോടും, ഈസബ്നു മർയമിനോടും എല്ലാവർക്കുംശേഷം നമ്മുടെ തിരുനബി(സ)യോട് അത്യധികം പ്രകാശമയമാർന്നതും, പരിശുദ്ധവുമായ വെളിപാടിലൂടെ സംഭാഷണം നടത്തിയതു മായ, ആ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുകയാണ്, അപ്രകാരംതന്നെയാണ് അവൻ എന്നെയും തന്റെ ദിവ്യഭാഷണവും, സംബോധനയുംകൊണ്ട് മഹത്ത്വ പ്പെടുത്തിയിരിക്കുന്നത്. എന്നാൽ, ഈ ശ്രേഷ്ഠത എനിക്ക് കരസ്ഥമായിരിക്കുന്നത് തിരുനബി (സ)യെ അനുധാവനം ചെയ്തതുകൊണ്ടുമാത്രമാണ്. ഞാൻ തിരുനബി(സ)യുടെ ഉമ്മത്തിൽപെടാതിരിക്കുകയും അദ്ദേഹത്തെ അനുകരിക്കാ തിരിക്കുകയും, എന്നിട്ട് എന്റെ കർമ്മങ്ങൾ ലോകത്തിലെ സർവ്വ പർവ്വതങ്ങൾക്ക് സമാനമായിത്തീരുകയും ചെയ്താ ലും, എനിക്ക് ഒരിക്കലും ദൈവിക ഭാഷണത്തിന്റേയും സംബോധനകളുടേയും ഈ ശ്രേഷ്ഠത കരസ്ഥമാകു മായിരുന്നില്ല. കാരണം, ഇപ്പോൾ മുഹമ്മദീ പ്രവാചകത്വ മൊഴികെ, മറ്റ് സർവ്വ പ്രവാചകത്വങ്ങളും അടഞ്ഞിരിക്കു കയാകുന്നു. ശരീഅത്തോടുകൂടിയ ഒരു പ്രവാചകനും ഇനി വരികസാധ്യമല്ല. ശരീഅത്തില്ലാത്ത പ്രവാചകൻ വരാവുന്ന താണ്. പക്ഷേ അദ്ദേഹം ആദ്യം ഉമ്മത്തിൽപ്പെട്ടയാളായിരി ക്കണം. ഈ അടിസ്ഥാനത്തിൽ ഞാൻ ഉമ്മത്തിയാണ്, നബിയുമാണ്. എന്റെ നുബുവ്വത്ത്, അതായത്, ദിവ്യഭാഷ ണവും സംബോധനയും മുഹമ്മദ്നബി(സ)ന്റെ നുബുവ്വത്തി ന്റെ പ്രതിച്ഛായ മാത്രമാകുന്നു. എന്റെ നുബുവ്വത്ത് ഇതല്ലാതെ മറ്റൊന്നുമല്ല. അതേ മുഹമ്മദീനുബുവ്വത്ത് തന്നെയാണ് എന്നിൽ പ്രകടമായിരിക്കുന്നത്. ഞാൻ പ്രതിച്ഛായയും,**

**ഉമ്മത്തിയും മാത്രമായതുകൊണ്ട് തിരുനബി(സ)യുടെ ശ്രേഷ്ഠതയ്ക്ക് ഒരിക്കലും കളങ്കം ഉണ്ടാകുന്നില്ല.** എനിക്കുണ്ടായിക്കൊണ്ടിരിക്കുന്ന ദിവ്യഭാഷണങ്ങൾ യാഥാർത്ഥ്യങ്ങളാകുന്നു. ഇതിൽ ഞാൻ ഒരു നിമിഷത്തേക്കെങ്കിലും ശങ്കിക്കുകയാണെങ്കിൽ എന്റെ പര്യവസാനം ശുഭമല്ലാതായിരിക്കുകയും ഞാൻ നിഷേധിയായിത്തീരുകയും ചെയ്യുന്നതാണ്. എന്റെമേൽ ഇറങ്ങിയ വചനങ്ങൾ പ്രബലവും ഖണ്ഡിതവുമാകുന്നു. സൂര്യനേയും അതിന്റെ പ്രകാശത്തേയും നോക്കിക്കൊണ്ട് ഇത് സൂര്യനും അതിന്റെ പ്രകാശവും തന്നെയാണോ എന്ന് ആരും സംശയിക്കാത്തതുപോലെ, അല്ലാഹുവിൽനിന്ന് എന്റെമേൽ ഇറങ്ങിക്കൊണ്ടിരിക്കുന്ന ഈ പ്രവചനങ്ങളേയും ഞാൻ സംശയിക്കുന്നില്ല. ഞാൻ ദൈവിക ഗ്രന്ഥത്തിൽ വിശ്വസിക്കുന്നതു പോലെതന്നെ ഇവയിൽ വിശ്വസിക്കുന്നു. ചില സന്ദർഭങ്ങളിൽ ദൈവവചനത്തിന് അർത്ഥം വെക്കുന്നതിൽ എന്നിൽനിന്ന് പിശക് പറ്റുക എന്നത് സംഭാവ്യമാണ്. പക്ഷേ, അത് ദൈവത്തിന്റെ വചനം തന്നെയോ എന്ന് സംശയിക്കുക അസംഭാവ്യമാണ്. കാരണം, **രഹസ്യ ജ്ഞാനങ്ങളിൽ അധിഷ്ഠിതവും, ഖണ്ഡിതവുമായ ദൈവവചനം അധികമായി ആരിലാണോ ഇറങ്ങുന്നത്, അദ്ദേഹത്തെയാണ് എന്റെ വീക്ഷണത്തിൽ നബിയെന്ന് പറയുന്നത്. ആയതിനാൽ, അല്ലാഹു എന്റെ പേര് ശരീഅത്തില്ലാത്ത നബിയെന്ന് വെച്ചിരിക്കുന്നു. അന്ത്യനാൾ വരെയുള്ള ശരീഅത്ത് വിശുദ്ധഖുർആൻ തന്നെയാണ്.** എന്റെ മേൽ ഇറങ്ങുന്ന അല്ലാഹുവിന്റെ ആ വചനങ്ങളിൽ ഒരു അസാ ധാരണമായ അത്ഭുതാവസ്ഥ കുടികൊള്ളുന്നുണ്ട്. അതിന്റെ പ്രകാശകിരണങ്ങളിലൂടെ അവൻ സ്വന്തം മുഖകമലത്തെ വെളിപ്പെടുത്തുന്നു. അത് അത്യധികം കാഠിന്യമുള്ള ഒരു ആണിപോലെ ഹൃദയത്തിൽ തറച്ചുകയറുകയും, അവൻ തന്റെ ആത്മീയശക്തികൾകൊണ്ട് എന്നെ ആസകലം മൂടുകയും ചെയ്യുന്നു. അത് സ്വാദിഷ്ടവും, സാഹിത്യ സമ്പുഷ്ടവും, ആശ്വാസദായകവും ദിവ്യമായൊരു ഗാംഭീര്യം ഉൾക്കൊള്ളുന്നതു മാകുന്നു. പരോക്ഷമായ കാര്യങ്ങൾ വിവരിക്കുന്നതിൽ അത് ലുബ്ധ് കാണിക്കുന്നില്ല. മറിച്ച്, പരോക്ഷജ്ഞാനങ്ങളുടെ സരണികൾ അതിൽ ഒഴുകിക്കൊണ്ടിരിക്കുന്നു. എന്നാൽ, വെളിപാടുകൾ സിദ്ധിക്കുന്നുണ്ടെന്ന് വാദിക്കുന്ന നമ്മുടെ ചില

എതിരാളികളുടെ ഇൽഹാമുകളിൽ ഒന്നാമതായി രഹസ്യ ജ്ഞാനങ്ങളുടെ ആധിക്യമോ ദൈവിക രഹസ്യങ്ങളുടെ പ്രവാഹമോ ഉണ്ടാകുന്നില്ല. കൂടാതെ ദൈവികശക്തിയും, മാഹാത്മ്യവും അവരെ തൊട്ടു തീണ്ടിയിട്ടുമില്ല. ഇതിന് പുറമെ, അവരുടെ ഈ വെളിപാടുകൾ റഹ്മാനിയാണോ ശൈത്വാനി യാണോ എന്ന് വിവേചിച്ചറിയുവാൻ കഴിയുന്നില്ലെന്ന കാര്യവും അവർതന്നെ സമ്മതിക്കുന്നു. അവരുടെ വെളിപാടുകൾ ഊഹത്തിലധിഷ്ഠിതമായ കാര്യങ്ങളാണെന്ന് അവർ പൊതുവെ വിശ്വസിക്കുന്നതും ഇക്കാരണം കൊണ്ടു തന്നെയാണ്. ഇങ്ങനെ യുള്ള വെളിപാടുകൾ ദൈവത്തിൽ നിന്നാണോ പിശാചിൽ നിന്നാണോ എന്ന് പറയുക അസാധ്യവുമാണ്. തീർച്ചയായും അല്ലാഹുവിൽ നിന്നുള്ളതാണെന്നും പിശാചിൽ നിന്നുള്ളത ല്ലെന്നും വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുംവിധം അല്പംപോലും ചൈതന്യമില്ലാത്ത ഇത്തരം വെളിപാടുകളിൽ അഭിമാനം കൊള്ളുകയെന്നത് ലജ്ജാപരമായ കാര്യമാണ്. അല്ലാഹു പരിശുദ്ധനും ശൈത്വാൻ അശുദ്ധനുമാകുന്നു. പരി ശുദ്ധമായ ഉറവിൽനിന്നാണോ, അതോ അശുദ്ധമായ ഉറവിൽനിന്നാണോ നിർഗമിച്ചിരിക്കുന്നതെന്ന് തെല്ലും മനസ്സിലാക്കാൻ കഴിയാത്ത വിധത്തിലുള്ള വിചിത്രങ്ങളായ ഇൽഹാമുകളാണ് ഇവ. ഇതിൽ മറ്റൊരു വിഷമംകൂടിയുണ്ട്. അതായത്, യഥാർത്ഥത്തിൽ ശൈത്വാനിൽനിന്ന് വന്ന ഒരു ഇൽഹാമിനെ, അല്ലാഹുവിൽ നിന്നുള്ള ഇൽഹാമാണെന്ന് ധരിച്ചുകൊണ്ട് അതിനെ പ്രാവർത്തികമാക്കിയാൽ അവൻ നശിക്കുന്നു. അല്ലെങ്കിൽ, യഥാർത്ഥത്തിൽ അല്ലാഹുവിൽ നിന്നുള്ള ഇൽഹാമിനെ ശൈത്വാനികമാണെന്ന് ധരിച്ചു കൊണ്ട് അതിനെ പ്രാവർത്തികമാക്കാതിരുന്നാലും അവൻ നാശത്തിന്റെ ഗർത്തത്തിൽ പതിക്കുന്നു. മരണത്തിലെത്തി ക്കുന്ന ഒരു ഭയാനകമായ വിഷമഘട്ടം സംജാതമായി എന്ന ല്ലാതെ, ഈ വെളിപാടുകൊണ്ട് എന്താണു നേട്ടം? കൂടാതെ ഇത് ഇസ്‌ലാമിന്റെ മേലുള്ള ഒരു കളങ്കവുമാകുന്നു. അതായത്, മൂസയുടെ മാതാവിന് തന്റെ നിരപരാധിയായ മകനെ ആറ്റിലൊഴുക്കാൻ പ്രേരിപ്പിക്കുന്ന തരത്തിൽ ദൃഢതരമായ വെളിപാടുകൾ ബനൂഇസ്റായീലിൽ ഉണ്ടായി. അവർ ആ ഇൽഹാമിന്റെ സത്യതയിൽ സംശയിക്കുകയോ അത് ഒരു

ഊഹമായി കരുതുകയോ ചെയ്തില്ല. ഖിള്ർ ആണെങ്കിൽ ഒരു കുട്ടിയെ വധിക്കുകകൂടി ചെയ്തു. എന്നാൽ, ബനൂഇസ്റാ യീലിലെ സ്ത്രീകൾക്ക് കിട്ടിയ രീതിയിലുള്ള സ്ഥാനംപോലും ഈ അനുഗൃഹീത സമുദായത്തിന് കിട്ടിയില്ല. അപ്പോൾ

صراط الّذين انعمت عليهم

**നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ(1:7)** എന്ന ആയത്തിന്റെ അർത്ഥം എന്താണ്? റഹ്മാനിലും ശൈത്വാ നിലും സമാനതയുള്ള ഊഹത്തിലധിഷ്ഠിതമായ ഇത്തരം വെളിപാടു കളെയാണോ അനുഗ്രഹം എന്നപേര് പറയുന്നത്. അത് തീർത്തും ലജ്ജാവഹംതന്നെ.

മുകളിൽ വിവരിച്ച ചോദ്യത്തിന്റെ രണ്ടാമത്തെ മറുപടി ഇതാകുന്നു. അതായത്, ചെറിയ ചെറിയ സംഭവങ്ങ ളെക്കുറിച്ചുള്ള പ്രവചനങ്ങളും മതിയായ തെളിവുകളാണ്. കാരണം എണ്ണത്തിന്റേയും, അവസ്ഥയുടേയും അടിസ്ഥാന ത്തിൽ ഈ പ്രവചനങ്ങളിലും, മറ്റുള്ളവർക്ക് അവരോട് മത്സരിക്കുക സാധ്യമല്ല. എന്നാൽ, ആരിലാണോ ശങ്കയും ഊഹവും അധികമായി കുടികൊള്ളുന്നത് അവർ ഏതെങ്കിലും ഊഹത്തിന്റെ വലയിൽപ്പെട്ടുപോകുന്നു. ഉദാഹരണമായി, ഏതെങ്കിലും ഒരു ദൈവനിയുക്തന്റെ പ്രാർത്ഥനകൊണ്ട് ആരുടെയെങ്കിലും ഭവനത്തിൽ ഒരാൺകുട്ടി ജനിക്കുകയോ, അല്ലെങ്കിൽ ആ ദൈവനിയുക്തൻ ആൺകുട്ടി ജനിക്കുമെന്ന് അറിവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ആൺകുട്ടി ജനിക്കുകയോ ചെയ്താൽ ഇതൊരു പ്രത്യേക അടയാളമല്ലെന്ന് പറഞ്ഞ് അധികം ആളുകളും ബഹളംവയ്ക്കാൻ തുടങ്ങുന്നു. അധികം സ്ത്രീകളും തങ്ങളെ സംബന്ധിച്ചോ അല്ലെങ്കിൽ അയൽപക്കത്തെ സ്ത്രീയെ സംബന്ധിച്ചോ അവരുടെ ഭവനത്തിൽ ആൺകുട്ടി ജനിക്കുമെന്ന് സ്വപ്നം കാണാറുണ്ട്. ഇനി ആൺകുട്ടിതന്നെ ജനിച്ചാൽ ആ സ്ത്രീയെ അല്ലാഹുവിന്റെ നബിയായിട്ടോ, റസൂലായിട്ടോ, മുഹദ്ദസ് ആയിട്ടോ അംഗീകരിക്കണമോ എന്നിങ്ങനെയുള്ള മുടന്തൻ ന്യായങ്ങൾ അവർ ഉന്നയിക്കുന്നു. എന്നാൽ, വിഡ്ഢികളുടെ നാവിനെ ആർക്കാണ് അടയ്ക്കാനാവുക? ഇവർ വ്യാജന്മാരാണെന്ന് പറയുന്നത് ഇതുകൊണ്ടാണ്. അതായത്, ഏതെങ്കിലും ഒരു

വാക്കുകൊണ്ടോ, ഒറ്റപ്പെട്ട സംഭവം കൊണ്ടോ ഏതെങ്കിലും വ്യക്തി ദൈവത്തിൽ നിന്നുള്ളവനാണെന്ന് സ്ഥാപിതമാകുന്നു വെന്നോ തന്മൂലം എല്ലാ സ്വപ്നദർശകരും ദൈവത്തിന്റെ വരിഷ്ഠരാണെന്ന് മനസ്സിലാക്കണമെന്നോ ഞാൻ പറയുന്നില്ല. മറിച്ച് ഒന്നാമതായി വാദം ഉണ്ടായിരിക്കുകയും, പിന്നെ സാധാര ണമനുഷ്യർക്കുണ്ടാകുന്ന ഇൽഹാമുകൾക്കും, സ്വപ്നങ്ങൾക്കും സമാനതയില്ലാത്ത വിധത്തിൽ, അതിന്റെ എണ്ണത്തിലും അവസ്ഥയിലും എത്തിയിട്ടുള്ള പ്രവചനങ്ങൾ ഉണ്ടായിരിക്കു കയും വേണം. ഇപ്രകാരമുള്ള ചെറിയ ചെറിയ സംഭവങ്ങളെ സംബന്ധിച്ചുള്ള പ്രവചനങ്ങൾ എന്നിലൂടെ അല്ലാഹു പൂർത്തിയാക്കുകയും അവയുടെ എണ്ണം പല ആയിരങ്ങൾവരെ എത്തുകയും ചെയ്തിട്ടുണ്ട്. എണ്ണത്തിന്റേയും പവിത്രതയു ടേയും അടിസ്ഥാനത്തിൽ അവയോട് മത്സരിച്ച് ജയിച്ച് കാണിച്ചത് ആരാണ്? ആത്മാർത്ഥനായ മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ മകൻ മരിച്ചുപോയിരിക്കുന്നുവെന്ന് വിവരമില്ലാത്ത ഒരു നിർഭാഗ്യവാൻ ആക്ഷേപമുന്നയിച്ചിട്ട് കുറച്ചു വർഷങ്ങളായി. തികച്ചും വൈരാഗ്യവും അജ്ഞതയും കൊണ്ടാണ് ഈ ആക്ഷേപമുന്നയിച്ചിട്ടുള്ളത്. കാരണം നമ്മുടെ നബി(സ) യുടെ 11 മക്കൾ മരിച്ചുപോയിട്ടുണ്ട്. എന്നാൽ, എന്റെ ആ പ്രാർത്ഥനയുടെ ഫലമായി മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ഭവനത്തിൽ ഒരു ആൺകുട്ടി ജനിക്കുമെന്നും, പ്രാർത്ഥനയുടെ ഫലമായി ജനിച്ച കുട്ടിയാണെന്നതിലേക്ക് അടയാളമായി അവന്റെ ശരീരത്തിൽ കുരുക്കൾ ഉണ്ടാകുമെന്നും അല്ലാഹു എന്നെ അറിയിച്ചിരുന്നു. അപ്രകാരംതന്നെ അത് സംഭവിക്കുകയും ചെയ്തു. കുറച്ച് ദിവസങ്ങൾക്കുശേഷം മൗലവി സാഹിബിന്റെ ഭവനത്തിൽ ആൺകുട്ടി ജനിക്കുകയു ണ്ടായി. അവന്റെ പേര് അബ്ദുൽഹയ്യ് എന്നുവെക്കുകയും ചെയ്തു. അവന്റെ ജനനത്തിനുശേഷം സമീപകാലത്തുതന്നെ അവന്റെ ശരീരത്തിൽ വളരെയധികം കുരുക്കളുണ്ടാകുകയും അതിന്റെ അടയാളങ്ങൾ ഇന്നും അവശേഷിക്കുകയും ചെയ്യുന്നു. ചില സമയങ്ങളിൽ യാദൃശ്ചികമായ ഒരു സംഭവം ഉണ്ടാകുന്നതുപോലെ- ഉദാഹരണമായി കുറച്ചാളുകൾ അവിടെ സന്നിഹിതനല്ലാത്ത ഒരു സ്നേഹിതനെ കുറിച്ച് അദ്ദേഹം ഇപ്പോൾ ഇവിടെ വന്നിരുന്നുവെങ്കിൽ നല്ലതായിരുന്നേ നെയെന്ന് ചിന്തിക്കുകയും, അതേയവസരത്തിൽത്തന്നെ

അദ്ദേഹം അവിടെ വരികയും ചെയ്യുകയാണെങ്കിൽ അവർ പറയും, വന്നാട്ടെ, ഞങ്ങൾ താങ്കളുടെ കാര്യം ഇപ്പോൾ പറഞ്ഞതേയുള്ളൂ എന്ന്. അതുപോലെ ഇത് പ്രാർത്ഥനയുടെ ഫലമല്ല മറിച്ച് ഇതൊരു യാദൃശ്ചികമായ സംഭവമാണെന്നും, അതുകൊണ്ടുതന്നെ ഇത് പ്രവചനത്തിന്റെ മേൽ ഖണ്ഡിതമായ തെളിവല്ലെന്നും ആർക്കും ഒരുതരത്തിലുള്ള സന്ദേഹവും ഉണ്ടാകാതിരിക്കാനായിട്ടാണ് അവന്റെമേൽ അല്ലാഹു കുരുക്കൾ ഉണ്ടാക്കിയത്. ആയതിനാൽ, ആ ആൺകുട്ടി പ്രാർത്ഥനയുടെ ഫലമായി ജനിച്ചതാണെന്നും, അത് യാദൃശ്ചികമല്ലെന്നും മനസ്സിലാക്കുന്നതിനുവേണ്ടിയാണ് ഈ പ്രവചനത്തിൽ കുരുക്കളെ സംബന്ധിച്ചുള്ള അടയാളവും പറഞ്ഞിട്ടുള്ളത്. ഇപ്രകാരംതന്നെ ആയിരക്കണക്കിന് ഉദാഹരണ ങ്ങൾ എന്റെ പക്കലുണ്ട്. എന്നാൽ, നിർഭാഗ്യവശാൽ ഈ ചെറുഗ്രന്ഥത്തിൽ എനിക്ക് അതിനെപ്പറ്റി വിവരിക്കാൻ സാധ്യമല്ല.

ഞാൻ ഇപ്പോൾ വിവരിച്ചതുപോലെ, ഒരാൾ അല്ലാഹുവിൽ നിന്നുള്ളവനാണെന്ന് വാദിക്കുകയും, അദ്ദേഹത്തിന്റെ കരങ്ങളിലൂടെ ചെറിയ ചെറിയ സംഭവങ്ങളെ സംബന്ധിച്ച ആയിരക്കണക്കിനുള്ള പ്രവചനങ്ങൾ പുലരുകയും ചെയ്താൽ അദ്ദേഹം അല്ലാഹുവിൽ നിന്നുള്ളവൻ തന്നെയാണെന്നതിലേക്ക് ആ പ്രവചനങ്ങൾ ഖണ്ഡിതമായ തെളിവായി നിലകൊള്ളും. എന്നാൽ, ഹൃദയങ്ങളിൽ സംശയത്തിന്റെയും സന്ദേഹത്തിന്റെയും രോഗമുള്ളവർ അവയിൽനിന്ന് മുക്തി നേടാതെ, ഉടനെതന്നെ ഇന്ന ഫക്കീറും ഇത്തരത്തിലുള്ള അത്ഭുതം തന്നെയാണ് കാണിച്ചിട്ടുണ്ടായിരുന്നത്, ഇന്ന ജോത്സ്യനും ഇപ്രകാരം തന്നെയാണ് പറഞ്ഞിട്ടുണ്ടായിരുന്നത്, അത് സത്യമായി പുലരുകയും ചെയ്തുവെന്നൊക്കെ പറയാൻ തുടങ്ങുകയും ചെയ്യുന്നു. ഇപ്രകാരം ഇവർ സ്വയം വഴിതെറ്റുകമാത്രമല്ല മറിച്ച് മറ്റുള്ളവരേയും വഴികേടിലാക്കുന്നു. ഇത്തരം മൂഢന് കണ്ണുണ്ടെങ്കിലും ആ കണ്ണുകൊണ്ട് എല്ലാവശവും നോക്കിക്കാണാൻ സാധിക്കുന്നില്ല. ഹൃദയം ഉണ്ടെങ്കിലും ആ ഹൃദയത്തിന് എല്ലാഭാഗങ്ങളേയും സംബന്ധിച്ച് ചിന്തിക്കാൻ സാധിക്കുന്നില്ല. എനിക്ക് മാത്രമല്ലാതെ മറ്റാർക്കും ഒരു സ്വപ്നവും ഇൽഹാമും ഉണ്ടാവുകയില്ലെന്ന് ഞാൻ എപ്പോൾ, ഏതു സമയത്താണ് പറഞ്ഞത്? രാത്രിയും പകലും വ്യഭിചാരം

തൊഴിലാക്കിയിട്ടുള്ള അഭിസാരികയ്ക്കുപോലും ചില സന്ദർഭങ്ങളിൽ സത്യമായ സ്വപ്നം ഉണ്ടാവാൻ സാധ്യതയുണ്ടെന്നാണ് നമ്മുടെ അനുഭവം. അന്യരുടെ മുതൽ കവർച്ച ചെയ്യുന്നത് തൊഴിലാക്കിയിട്ടുള്ള കള്ളനും സ്വപ്നം മുഖേന ഏതെങ്കിലും സത്യസംഭവത്തെപ്പറ്റി അറിവ് കരസ്ഥമാകുന്നതാണ്. ഞാൻ ജനങ്ങളുടെ മുമ്പിൽ നിരന്തരമായി വെച്ചുകൊണ്ടിരിക്കുന്ന എന്റെ വാദമെന്നുപറയുന്നത് ഇത്രമാത്രമാണ്. അതായത്, ഇങ്ങനെയുള്ള സ്വപ്നങ്ങളും ദിവ്യവെളിപാടുകളും അതിന്റെ അളവിന്റേയും അവസ്ഥയുടേയും അടിസ്ഥാനത്തിൽ ആയിരത്തിലധികംവരെ എത്തുകയും, ആർക്കും അവയുമായി കിടപിടിക്കാൻ സാധിക്കാതിരിക്കുകയും ചെയ്യുന്നെങ്കിൽ, ഈ അവസ്ഥ, ദൈവികാനുഗ്രഹത്താൽ പ്രത്യേകപ്പെടുത്തിയ ഭക്തർക്ക് മാത്രമേ കിട്ടുകയുള്ളു എന്നത്രെ. ഇതുപോലെ മറ്റുള്ളവർക്ക് ഒരിക്കലും ലഭ്യമല്ല. ഇനി ഏതെങ്കിലും സത്യസ്വപ്നമോ ഇൽഹാമോ വല്ലപ്പോഴുമൊക്കെ മറ്റുള്ളവർക്കുണ്ടായാൽത്തന്നെ അതും അല്ലാഹുവിന്റെ ഭാഗത്തുനിന്ന് മനുഷ്യകുലത്തിന് നന്മക്കായിട്ടുള്ളതുതന്നെയാണ്. കാരണം മറ്റുള്ളവരിൽ വഹ്‌യുടെയും ഇൽഹാമിന്റെയും കവാടം കൊട്ടിയടക്കപ്പെട്ട നിലയിലാണെങ്കിൽ, അല്ലാഹുവിന്റെ പ്രവാചകന്മാരെ പൂർണ്ണമായി വിശ്വസിക്കാൻ അവർക്ക് വിഷമം നേരിടുന്നതാണ്. യഥാർത്ഥത്തിൽ, ഈ പ്രവാചകന്മാർക്ക് വഹ്‌യ് ഇറങ്ങുന്നുണ്ടോ അതോ കറ്റു കെട്ടുകയാണോ അതുമല്ലെങ്കിൽ, വല്ല ആശയക്കുഴപ്പത്തിൽ അകപ്പെട്ടിരിക്കുകയാണോ, എന്നൊന്നും ഒരിക്കലും ഇവർക്ക് മനസ്സിലാക്കാൻ സാധിക്കുന്നതല്ല. കാരണം മാതൃക നല്കപ്പെടാത്ത ഒരു കാര്യത്തെപ്പറ്റി, പൂർണ്ണമായി ഗ്രഹിക്കാൻ സാധിക്കു കയില്ലെന്നത് മനുഷ്യരുടെ സ്വഭാവമാകുന്നു. അവസാനം ദുർഭാവന ഉത്ഭവിക്കുകയും ചെയ്യുന്നു. ഈ കാരണം കൊണ്ടാണ് മദ്യപാനം കാരണമായി ബുദ്ധിയ്ക്ക് തകരാറ് സംഭവിച്ച യൂറോപ്പിലേയും അമേരിക്കയിലേയും മദ്യപാന സമുദായങ്ങൾ മിക്കതും സത്യസ്വപ്നങ്ങളുടെ നിഷേധികളായിട്ടുള്ളത്. കാരണം അവരുടെ പക്കൽ ഇതിന് ഉദാഹരണമില്ല. ഏതെങ്കിലും സത്യസ്വപ്നവും ഏതെങ്കിലും സത്യവെളിപാടും മാതൃക എന്ന നിലയിൽ ജനങ്ങൾക്ക് കൊടുക്കപ്പെടുന്നതിന്റെ ഉദ്ദേശ്യം അവരിൽ ഏതെങ്കിലും നബി വെളിപ്പെട്ടാൽ സ്വീകാര്യതയുടെ സമ്പത്തിൽനിന്ന് ബഹിഷ്കൃതനാ

കാതെ, അതൊക്കെ യാഥാർത്ഥ്യമാണെന്നും അതിൽനിന്ന് സ്വാദ് നോക്കാനാണ് തങ്ങൾക്ക് ചെറിയൊരംശം നല്കിയിരിക്കുന്നതെന്നും മനസ്സിലാക്കി ദൈവനിയുക്തനെ സ്വീകരിക്കാനാണ്. വ്യത്യാസം ഇത്രമാത്രമാണ്, നിസ്സാരരായ ഇക്കൂട്ടർ അല്പം രൂപയോ പൈസയോ കൈയിലുള്ള ഭിക്ഷക്കാരനെപ്പോലെയാണ്. എന്നാൽ, ദൈവത്തിന്റെ മുർസിലും ദൈവത്തിന്റെ നബിയും ആ ആത്മീയരാജ്യത്തിന്റെ അധികാരിയാണ്. ◘